2023
MARCH
07
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

കേരള ഗവൺമെന്റിന്റെ അംഗീകൃത കോഴ്സിലൂടെ എളുപ്പം ജോലി നേടാം
● ആട്ടോമൊബൈൽ എഞ്ചിനീയറിംഗ്
● മെക്കാനിക്കൽ എഞ്ചിനീയറിംഗ്
● ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്
2 വർഷം
പഠനത്തോടൊപ്പം അംഗീകൃത സർവ്വീസ് സെന്ററുകളിൽ പ്രായോഗിക പരിശീലനവും തുടർന്ന് പ്ലേയ്സ്മെന്റ് അസിസ്റ്റൻസും. ബന്ധപ്പെടുക:
Kuttukaran Institute www.kihrd.com
Kuttukaran Technical Campus-2, Manakkappadi - Manjali Road, Manakkappadi, Karumalloor P.O., N.Paravur, Ernakulam-683 511
Tel: (0484) 2390516, 2396035, Mob: 9995171177, 9846019500

# ശമനമില്ലാതെ വിഷപ്പുക

**ഹെലികോപ്ടറുകളിൽ നിന്ന് വെള്ളം സ്പ്രേ ചെയ്യും**



**കൊച്ചി:** ബ്രഹ്മപുരം മാലിന്യ പ്ലാന്റിലുണ്ടായ തീപിടിത്തത്തെ തുടർന്ന് മാലിന്യക്കൂമ്പാരത്തിലെ പുക ശമിപ്പിക്കുന്നതിന് വ്യോമസേനയുടെ ഹെലികോപ്റ്ററുകളിൽ നിന്നു വെള്ളം സ്പ്രേ ചെയ്യുന്ന പ്രവർത്തനങ്ങൾ ഇന്ന് ആരംഭിക്കും. വ്യോമസേനയുടെ സൊലൂർ സ്റ്റേഷനിൽ നിന്നുള്ള ഹെലികോപ്റ്ററുകളാണ് മുകളിൽനിന്ന് വെള്ളം പമ്പ് ചെയ്യുന്നതിന് ഉപയോഗിക്കുക. ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിലുണ്ടായ തീപിടിത്തത്തെ തുടർന്ന് മാലിന്യത്തിന്റെ അടിയിൽനിന്ന് പുക ഉയരുന്ന സാഹചര്യത്തിന് ഇപ്പോഴും മാറ്റമില്ല. ഇത് ശമിപ്പിക്കുന്നതിന് നാലു മീറ്റർ വരെ താഴ്ചയിൽ മാലിന്യം ജെസിബി ഉപയോഗിച്ച് നീക്കി വലിയ പമ്പ് ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്യുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

തീപിടിത്തത്തെ തുടർന്ന് ആരോഗ്യപരമായ മുൻകരുതലിന്റെ ഭാഗമായി ഇന്നും സ്കൂളുകൾക്ക് നിയന്ത്രിത അവധി പ്രഖ്യാപിച്ചിട്ടുണ്ട്. വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്, കിഴക്കമ്പലം, കുന്നത്തുനാട് ഗ്രാമ പഞ്ചായത്തുകൾ, തൃക്കാക്കര, തൃപ്പൂണിത്തുറ, മരട് മുനിസിപ്പാലിറ്റികൾ, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ എന്നിവിടങ്ങളിലെ അങ്കണവാടികൾ, കിന്റർഗാർട്ടൺ, ഡേ കെയർ സെന്ററുകൾ എന്നിവയ്ക്കും സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ്, സിബിഎസ്ഇ, ഐസിഎസ്ഇ സ്കൂളുകളിലെ ഒന്നു മുതൽ ഏഴു വരെയുള്ള ക്ലാസുകളിലെ വിദ്യാർഥികൾക്കും അവധിയായിരിക്കും. പരീക്ഷകൾക്ക് മാറ്റമില്ല.

ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാൻറിലെ തീപിടിത്തം ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഇന്ന് പരിഗണിക്കും. ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ചീഫ് ജസ്റ്റിസ് മണികുമാറിന് അയച്ച കത്തിൻറെ അടിസ്ഥാനത്തിലാണ് ഹൈക്കോടതി സ്വമേധയാ കേസെടുത്തത്. ജസ്റ്റിസുമാരായ കെ.വിനോദ് ചന്ദ്രൻ, സി.ജയചന്ദ്രൻ എന്നിവർ ഉൾപ്പെട്ട ഡിവിഷൻ ബെഞ്ചാണ് വിഷയം പരിഗണിക്കുന്നത്.

## ദേശീയപാത വികസിച്ചപ്പോൾ കാർബൺ ഡയോക്സൈഡ് പുറന്തള്ളൽ കുറച്ചെന്ന് പഠനം



ആലപ്പുഴ: പുതിയ ദേശീയപാതകളുടെ നിർമാണവും നിലവിലുള്ളവയുടെ വികസനവും വാഹനങ്ങളിലെ കാർബൺ ഡയോക്സൈഡ് പുറന്തള്ളൽ കുറച്ചെന്നു പഠനം. 2014നു ശേഷം ഓരോ വർഷവും കാർബൺ ഡയോക്സൈഡ് പുറന്തള്ളുന്നതിൽ ശരാശരി 3.2 കോടി ടൺ കുറവുണ്ടായെന്നാണു കണ്ടെത്തൽ. സെൻട്രൽ റോഡ് റിസർച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനത്തിലാണു ദേശീയപാത വികസനം മലിനീകരണം കുറയ്ക്കുന്നതായി കണ്ടെത്തിയത്.

ദേശീയപാതകൾ വികസിച്ചപ്പോൾ ഗതാഗതക്കുരുക്ക് കുറയുകയും വാഹനങ്ങളുടെ ഇന്ധന ഉപയോഗം കുറയുകയും ചെയ്തു. ദേശീയപാതയ്ക്കായി മുറിച്ചുമാറ്റിയ മരങ്ങൾക്കു പകരം പത്തിരട്ടി മരങ്ങൾ നട്ടുപിടിപ്പിച്ചതും കാർബൺ ഡയോക്സൈഡ് കുറയ്ക്കാൻ സഹായകമായി. 20 വർഷത്തിനുള്ളിൽ വാഹനങ്ങളുടെ ഇന്ധന ഉപയോഗം ഏകദേശം 20% വരെ കുറയ്ക്കാനാകുമെന്നും റിപ്പോർട്ടിൽ പറയുന്നു. സാധാരണനിലയിൽ 20 വർഷത്തിനുള്ളിൽ 41.2 ദശലക്ഷം ലീറ്റർ പെട്രോളിയം ഇന്ധനം ദേശീയപാതകളിലൂടെ ഓടുന്ന വാഹനങ്ങൾ ഉപയോഗിക്കുമെന്നും പാത നവീകരണത്തിലൂടെ 9.77 ദശലക്ഷം ലീറ്റർ ഇന്ധനം ലാഭിക്കാമെന്നും റിപ്പോർട്ടിലുണ്ട്.

സംസ്ഥാനത്തു ദേശീയപാത 66, പാലക്കാട്, കോഴിക്കോട്, കൊല്ലം,ചെങ്കോട്ട, തിരുവനന്തപുരം ഔട്ടർ റിങ് റോഡ് എന്നിവയുടെ നിർമാണ പ്രവർത്തനങ്ങൾ നടക്കുകയാണ്.

## ആന്ധ്രയിൽ വൻ നിക്ഷേപവുമായി അദാനി ഗ്രൂപ്പ്

**വിശാഖപട്ടണം:** ആന്ധ്രപ്രദേശിലെ കഡപ്പയിലും നഡിക്കുഡിയിലുമായി പ്രതിവർഷം ഒരു കോടി ടൺ സിമന്റ് ഉൽപാദിപ്പിക്കുന്നതിനുള്ള രണ്ടു പ്ലാന്റുകൾ സ്ഥാപിക്കുമെന്ന് ആന്ധ്രപ്രദേശ് ആഗോള നിക്ഷേപക സമ്മേളനത്തിൽ അദാനി ഗ്രൂപ്പിന്റെ വാഗ്ദാനം.

ഇതിനു പുറമേ വിശാഖപട്ടണത്ത് ഡേറ്റ സെന്ററും 5 ജില്ലകളിലായി 15000 മെഗാവാട്ട് പുനരുപയോഗ ഊർജ പദ്ധതിയും വാഗ്ദാനം ചെയ്തിട്ടുണ്ട്.

കൃഷ്ണപട്ടണത്തും ഗംഗാവാരത്തും അദാനി പോർട്സിനുള്ള തുറമുഖങ്ങളുടെ ശേഷി ഇരട്ടിയാക്കുമെന്നും ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനിയുടെ മകനും അദാനി പോർട്സ് സിഇഒയുമായ കരൺ അദാനി പറഞ്ഞു.




## ഉപേക്ഷിച്ച മേഘാ ട്രോപിക്സ്1 ഇന്ന് തിരിച്ചിറക്കും



**ബെംഗളൂരു:** ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന (ഇസ്റോ) 2011ൽ വിക്ഷേപിച്ച ഉപഗ്രഹം ഇന്നു നിയന്ത്രണവിധേയമായി തിരിച്ചിറക്കുന്നു. 2011 ഒക്ടോബർ 12നു വിക്ഷേപിച്ച മേഘാ ട്രോപിക്സ്1 എന്ന കാലാവസ്ഥാപഠന ഉപഗ്രഹമാണ് വൈകിട്ട് 4.30 നും 7.30 നും ഇടയ്ക്കു പസിഫിക് സമുദ്രത്തിലെ നിശ്ചിത മേഖലയിൽ പതിക്കുക. തെക്കേ അമേരിക്കയിൽ പെറുവിന്റെ തലസ്ഥാനമായ ലിമയിൽനിന്ന് ഏകദേശം 3800 കിലോമീറ്റർ അകലെയാണിത്.

കാലഹരണപ്പെട്ട ഉപഗ്രഹത്തിൽ 125 കിലോഗ്രാം ഇന്ധനം ബാക്കിയുണ്ട്. നിലവിൽ 870 കിലോമീറ്റർ ഭ്രമണപഥത്തിലുള്ള ഉപഗ്രഹം 300 കിലോമീറ്റർ ഭ്രമണപഥത്തിലേക്കു താഴ്ത്തിയശേഷം പലതവണ ഭൂമിയെച്ചുറ്റി ഇന്ധനത്തിന്റെ അളവ് കുറയ്ക്കും. ഇതിനു പറ്റിയില്ലെങ്കിൽ താഴ്ന്ന ഭ്രമണപഥത്തിൽ നിലനിർത്തും.

മറ്റു പല രാജ്യങ്ങളും ഉപഗ്രഹങ്ങൾ തിരിച്ചിറക്കിയിട്ടുണ്ടെങ്കിലും പലതും ആ രീതിയിൽ രൂപകൽപന ചെയ്തവയാണ്. മേഘാ ട്രോപിക്സ്1 അങ്ങനെയല്ലെന്നതാണ് ഇപ്പോഴത്തെ ദൗത്യത്തിന്റെ വെല്ലുവിളി. ബഹിരാകാശ മാലിന്യം വലിയ പ്രതിസന്ധിയാകുന്ന സാഹചര്യത്തിലാണ് ഉപഗ്രഹം തിരിച്ചിറക്കുന്നത്.

വിജയമായില്ലെങ്കിൽ ഇതു 100 വർഷമെങ്കിലും ഇപ്പോഴത്തെ ഭ്രമണപഥത്തിൽ തുടരും.

ഫ്രഞ്ച് ബഹിരാകാശ ഏജൻസിയായ സിഎൻഇഎസുമായി ചേർന്നു വിക്ഷേപിച്ചതാണ് മേഘ ട്രോപിക്സ്1. കഴിഞ്ഞവർഷം നിയന്ത്രണവിധേയമല്ലാത്ത രീതിയിൽ ഇസ്റോയുടെ റിസാറ്റ് 2 ഉപഗ്രഹം തിരിച്ചിറങ്ങിയിരുന്നു

## ജലവൈദ്യുതി പദ്ധതി പ്രതിസന്ധിയിൽ

**വെച്ചൂച്ചിറ:** പെരുന്തേനരുവി ജലവൈദ്യുതി പദ്ധതിക്കായി വെള്ളം തടഞ്ഞു നിർത്തിയിരുന്ന പമ്പാനദിയിലെ തടയണയ്ക്ക് ഉൾവശം പൂർണമായും ചെളിയും മണലും നിറ!ഞ്ഞു. പമ്പാനദിയിലെ ഇടത്തിക്കാവിലാണ് പദ്ധതിക്കായി തടയണ പണിതിട്ടുള്ളത്. എരുമേലി ജലവിതരണ പദ്ധതിക്കായി കിണറും പമ്പ് ഹൗസും നിർമിച്ചിട്ടുള്ള ഭാഗത്തു മാത്രമാണ് തടയണയിൽ വെള്ളമുള്ളത്. എരുമേലി പദ്ധതിക്കായി വെള്ളം പമ്പ് ചെയ്യുമ്പോൾ വെള്ളത്തിന്റെ തോതു കുറയും.

ജലവൈദ്യുതി പദ്ധതിയുടെ കനാലിന്റെ മുൻവശത്ത് തടയണയുടെ ഉയരത്തിൽ ചെളിയും മണലും നിറഞ്ഞു കിടക്കുകയാണ്. ഇവിടെ വെള്ളമില്ല. തടയണ മുതൽ കുരുമ്പൻമൂഴി കോസ്‌വേക്കു മുകളിൽ പൊനച്ചി വരെ ഇത്തരത്തിൽ ചെളിയും മണലും നിറഞ്ഞിട്ടുണ്ട്.

കുരുമ്പൻമൂഴി കോസ്‌വേയുടെ തൂണുകളധികവും ചെളി മൂടിയിരിക്കുന്നു. മഴക്കാലത്ത് എത്തുന്ന വെള്ളം തടയണയ്ക്കു മുകളിലൂടെ ഒഴുകി താഴേക്കു പോകുന്ന സ്ഥിതിയാണ്. മണലും ചെളിയും നീക്കിയാൽ മാത്രമേ തടയണയിൽ വെള്ളം തടഞ്ഞു നിർത്താനും വൈദ്യുതി ഉൽപാദിപ്പിക്കാനും കഴിയൂ.

മഹാപ്രളയത്തിനു ശേഷം ഡാം സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ 2 തവണ ആറ്റിലെ ചെളിയും മണലും നീക്കിയിരുന്നു. കരയിലേക്കു വാരിയിട്ട മണൽ പിന്നീട് ഒഴുകി ആറ്റിലെത്തി.

കാലവർഷത്തിനു മുൻപ് വൻകിട ജലസേചന വിഭാഗത്തിന്റെ ചുമതലയിൽ തടയണയ്ക്കു മുകൾ ഭാഗത്തു നിന്ന് കുറെ ചെളിയും മണലും മണ്ണുമാന്തി ഉപയോഗിച്ചു വാരി കരയ്ക്കിട്ടിരുന്നു.

ആറിനോടു ചേർന്ന് ഇട്ടിരിക്കുകയായിരുന്ന അവ മഴക്കാലത്തൊഴുകി വീണ്ടും ആറ്റിലെത്തി. കെഎസ്ഇബിയുടെ ഡാം സുരക്ഷാ അതോറിറ്റിയും ജലവിഭവ വകുപ്പും അടിയന്തരമായി ഇടപെട്ട് ഇതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യമുയരുന്നു.



# മലയോരമേഖല വരൾച്ചയുടെ പിടിയിൽ

**തെന്മല:** കടുത്ത ചൂടിൽ കിഴക്കൻ മലയോരമേഖല വരൾച്ചയുടെ പിടിയിൽ; പ്രധാന ജലസ്രോതസ്സുകൾ വരണ്ടു. തെന്മല പരപ്പാർ അണക്കെട്ടിലും ജലനിരപ്പ് ക്രമാതീതമായി താഴുക!യാണ്. വരൾച്ച രൂക്ഷമായതോടെ മലയോര തോട്ടം മേഖലയിൽ മിക്കയിടത്തും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. ഈ മേഖലയിലുള്ളവർ പ്രാഥമിക ആവശ്യത്തിന് പ്രധാനമായി ആശ്രയിക്കുന്ന പ്രധാന ആറുകളിലെയും തോടുകളിലെയും നീരൊഴുക്ക് പേരിനു മാത്രമേയുള്ളു.

അതിർത്തി മലയിൽ നിന്നും ആരംഭിച്ച് പരപ്പാർ ഡാമിലെ പ്രധാന ജലസ്രോതസ്സായി തീരുന്ന കഴുതുരുട്ടിയാർ വറ്റിയ നിലയിലാണ്. കഴുതുരുട്ടി ആറിന്റെ ഇരുവശത്തുമുള്ള നൂറുകണക്കിന് കുടുംബങ്ങളും ഇതുവഴിയുള്ള ട്രക്ക് ഡ്രൈവർമാരും കുളിക്കാനും മറ്റ് ആവശ്യങ്ങൾക്കും ആറിനെയാണ് ആശ്രയിക്കുന്നത്.

തെന്മല, ആര്യങ്കാവ് പഞ്ചായത്തുകളിലെ തോട്ടം മേഖലയിൽ കാര്യമായ ശുദ്ധജല പദ്ധതികളില്ല. തോട്ടം ഉടമകൾ നിർമിച്ചിട്ടുള്ള ചെറുകിട ശുദ്ധജല പദ്ധതികൾ പലതും അറ്റകുറ്റപ്പണി നടത്താത്തതിനാൽ തൊഴിലാളികൾ ശുദ്ധജലത്തിനായി ഓട്ടത്തിലാണ്. തോട്ടത്തിൽ കൂടി ഒഴുകുന്ന തോടുകളുടെ തീരത്ത് കുളം കുഴിച്ചാണ് ഇപ്പോൾ ഗാർഹികേതര ആവശ്യത്തിന് വെള്ളം എടുക്കുന്നത്.

വരൾച്ച കണക്കിലെടുത്ത് പരപ്പാർ അണക്കെട്ടിൽ നിന്നും ഇടതു വലതുകര കനാലുകളിൽക്കൂടി കൂടുതൽ ജലം തുറന്നുവിടുന്നതിനാൽ പരപ്പാർ അണക്കെട്ടിലെ വെള്ളം കുറയാൻ ഇടയാക്കുന്നത്. കനാലുകളിൽക്കൂടി തുറന്നുവിടുന്ന വെള്ളത്തിന് അനുസൃതമായി അണക്കെട്ടിലേക്ക് വെള്ളം ഒഴുകിയെത്തുന്നില്ല. ഡാമിലേക്കുള്ള പ്രധാന നീരൊഴുക്കുകളായ ശെന്തുരുണി, കുളത്തൂപ്പുഴ ആറുകളിൽ വെള്ളം താഴുന്നതാണ് കാരണം. 115. 82 മീറ്റർ സംഭരണ ശേഷിയുള്ള അണക്കെട്ടിൽ ഇന്നലെ 103.09 മീറ്റർ ജലമാണുള്ളത്.

## നെല്ല് സംഭരണത്തിന് വീണ്ടും തിരിച്ചടി

**എടത്വ:** കൊയ്ത്തും നെല്ലു സംഭരണവും പുരോഗമിച്ചതോടെ പുതിയ തടസ്സവാദങ്ങളുമായി ചുമട്ടു തൊഴിലാളികൾ രംഗത്ത്.ഇതോടെ നെല്ല് സംഭരണം മുടങ്ങുമോ എന്ന ആശങ്കയിലാണ് കർഷകർ. കഴിഞ്ഞ ദിവസം കൊയ്ത്തു നടന്ന മൂക്കോടി വടക്ക്, തെക്ക് പാടശേഖരങ്ങളിലാണ് പുതിയ പ്രശ്നം ഉടലെടുത്തത്.

നെല്ലെടുക്കുന്ന ഏജൻസികൾ വന്ന് നെല്ല് ഈർപ്പം നോക്കിയ ശേഷം രണ്ടു ദിവസത്തിനകം വരുമെന്നറിഞ്ഞതോടെയാണ് പ്രശ്നം തുടങ്ങിയത്. വള്ളത്തിൽ നെല്ല് കയറ്റുന്നതു പോലെതന്നെ വള്ളത്തിൽ നിന്നു ലോറിയിൽ കയറ്റുന്നതിനുള്ള അവകാശവും അവർക്കുതന്നെയാണെന്ന് തൊഴിലാളികൾ പറയുന്നു.

അതിനാൽ അവർ പറയുന്ന സ്ഥലത്ത് ലോറി എത്തിച്ചുവേണം നെല്ല് കയറ്റാനെന്നും അതിനു തയാറായില്ലെങ്കിൽ അതിനുള്ള ചുമട്ടു കൂലി നോക്കു കൂലിയായി നൽകണം എന്നുമാണ് ആവശ്യം.

## റിസേർച്ച് അസോസിയേറ്റ്

സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാവ്യതിയാന ഡയറക്ടറേറ്റിൽ നടപ്പിലാക്കുന്ന പ്രോജക്ടിലേക്ക് കരാർ അടിസ്ഥാനത്തിലുള്ള നിയമനത്തിന് അപേക്ഷക്ഷണിച്ചു. അപേക്ഷയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ, മാതൃകാ അപേക്ഷ ഫോറം എന്നിവ ം ം ം.ലി്.സല്യമഹമ.ഴ്.ശി എന്ന വിലാസത്തിൽ ലഭിക്കും. ലഭിക്കുന്ന അപേക്ഷകളിൽ നിന്നു തയ്യാറാക്കുന്ന ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുന്ന അപേക്ഷകരെ മാത്രമേ ഇന്റർവ്യൂവിന് പരിഗണിക്കൂ. യോഗ്യരായ ഉദ്യോഗാർഥികൾ നിർദ്ദിഷ്ട മാതൃകയിൽ പൂരിപ്പിച്ച അപേക്ഷയും വിശദമായ ബയോഡേറ്റയും മാർച്ച് 25 നു വൈകിട്ട് അഞ്ചിനു മുൻപ് ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ്, കെ.എസ്.ആർ.ടി.സി ബസ് ടർമിനൽ (നാലാം നില) തിരുവനന്തപുരം 695 001 എന്ന വിലാസത്തിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 04712326264

# ആനകളുടെ വിഹാരകേന്ദ്രമായി കല്ലാർ മാങ്കുളം റോഡ്

**അടിമാലി:** കല്ലാർ മാങ്കുളം റോഡിൽ കാട്ടാന രാത്രികാലങ്ങളിൽ വഴിമുടക്കുന്നത് പതിവാകുന്നു. മുനിപാറ, വിരിപാറ എന്നിവിടങ്ങളിലാണ് കാട്ടാന സുഗമമായ ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുന്നത്. രാത്രി എത്തുന്ന കാട്ടാനകൾ റോഡിലും സമീപത്തുള്ള ഏലത്തോട്ടങ്ങളിലുമാണ് തങ്ങുന്നത്. ഈ സാഹചര്യത്തിൽ സുഗമമായ ഗതാഗതത്തിന് വനം വകുപ്പ് പട്രോളിങ് ആരംഭിക്കണം എന്ന ആവശ്യം ഉയർന്നിട്ടുണ്ട്. റോഡിൽ ആനയുടെ സാന്നിധ്യം പതിവായതോടെ ഓട്ടോറിക്ഷയിലും ഇരുചക്ര വാഹനങ്ങളിലും ഇതുവഴി കടന്നുപോകാൻ യാത്രക്കാർ ഭയക്കുകയാണ്. കഴിഞ്ഞ ദിവസം രാത്രി 3 ആനകളാണ് മുനിപാറയ്ക്ക് സമീപം ഗതാഗതത്തിനു തടസ്സമായി റോഡിൽ നിലയുറപ്പിച്ചത്. വലിയ വാഹനങ്ങൾ കാണുമ്പോൾ റോഡിൽ നിന്നു സമീപത്തെ ഏലത്തോട്ടത്തിലേക്കു മാറിനിൽക്കുന്ന ആനകൾ ചെറുവാഹനങ്ങൾക്കു നേരെ പാഞ്ഞടുക്കും.

കല്ലാർ എസ് വളവിനു സമീപം സെന്റ് ജൂഡ് പള്ളി വക സ്ഥലത്ത് എത്തിയ കാട്ടാനക്കൂട്ടം ഏലം കൃഷി നശിപ്പിച്ചു.

ഇതോടൊപ്പം കുരിശുപാറയിൽ റോഡിന് സമീപം കാട്ടാനയെത്തി കൃഷികൾ നശിപ്പിച്ചതായും പരാതി ഉയർന്നിട്ടുണ്ട്.

കാട്ടാനകളുടെ സാന്നിധ്യം വർധിച്ചിട്ടും നടപടി സ്വീകരിക്കാൻ വനപാലകർ കൂട്ടാക്കാത്തതിൽ നാട്ടുകാർ പ്രതിഷേധത്തിലാണ്.

## കേരഫെഡ് എൽഡി ക്ലർക്ക്, ഡ്രൈവർ നിയമനം പി. എസ്. സി. യിലൂടെ

കേരഫെഡിലെ എൽ ഡി ക്ലർക്ക്/ അസിസ്റ്റന്റ്, ഡ്രൈവർ/ ഡ്രൈവർകംഓഫീസ് അറ്റൻഡന്റ് തസ്തികകളിലെ ഒഴിവുകളിലെ നിയമനം കേരള പി.എസ്.സി വഴിയാക്കി കൃഷി വകുപ്പ്. ഇതുമായി ബന്ധപ്പെട്ട ഉത്തരവ് പുറത്തിറങ്ങി. സർക്കാർ വകുപ്പുകളിലെയും സർക്കാർ പൊതുമേഖല/ കമ്പനി/ ബോർഡ് സ്ഥാപനങ്ങളിലെയും ഡ്രൈവർ, പ്യൂൺ തസ്തികകൾ ഡ്രൈവർകംഓഫീസ് അറ്റൻഡന്റ്, ഓഫീസ് അറ്റൻഡന്റ് എന്നിങ്ങനെ മാറ്റിയിട്ടുണ്ട്. കേരഫെഡിലെ തസ്തികകളും ഈ ഗണത്തിലുള്ളതാണ്. പത്താം ശമ്പള പരിഷ്കരണം പ്രകാരമുള്ള സ്കെയിലുകളിൽ ഉൾപ്പെടുത്തിയാണ് മേൽ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്.



# താറാവുകർഷകർ പ്രതിസന്ധിയിൽ; 100 ദിവസം കഴിഞ്ഞിട്ടും നഷ്ടപരിഹാരമില്ല



**എടത്വ:** പക്ഷിപ്പനി കാരണം കള്ളിങ് നടത്തിയതിന് ലഭിക്കേണ്ട നഷ്ടപരിഹാരം 100 ദിവസം പിന്നിട്ടിട്ടും ലഭിക്കാത്തതിനാൽ താറാവു കർഷകർ പ്രതിസന്ധിയിൽ. പള്ളിപ്പാട്, തകഴി, അമ്പലപ്പുഴ, നെടുമുടി, ചെന്നിത്തല, കരുവാറ്റ, പുറക്കാട് എന്നിവിടങ്ങളിലാണ് പക്ഷിപ്പനി ബാധിച്ച് താറാവുകൾ ചത്തത്. ഇതേ തുടർന്ന് താറാവുകൾ ചത്ത സ്ഥലത്തെ ഒരുകിലോമീറ്റർ ചുറ്റളവിലുള്ള പക്ഷികളെ മുഴുവൻ കള്ളിങ് നടത്താൻ മൃഗസംരക്ഷണ വകുപ്പ് നിർദേശം നൽകുകയായിരുന്നു. ഇവിടെ 63000 താറാവുകളെയാണ് കൊന്നൊടുക്കിയത്.

കള്ളിങ് നടത്തിയതു കൂടാതെ പനിമൂലം പതിനായിരത്തിലേറെ താറാവുകൾ ചത്തു. 60 ദിവസം പ്രായമായ താറാവിന് 100 രൂപയും 60 ദിവസത്തിൽ കൂടുതൽ പ്രായമുള്ള താറാവിന് 200 രൂപയുമാണ് നഷ്ടപരിഹാരമായി നൽകേണ്ടത്. 60 ദിവസത്തിൽ താഴെ പ്രായമുള്ള 12000 താറാവുകളും 60 ദിവസത്തിനു മുകളിൽ പ്രായമുള്ള 51000 താറാവുകളുമാണ് ചത്തത്. ഇതിന്റെ നഷ്ടപരിഹാരം ലഭിക്കാൻ കർഷകർ ഓഫിസുകൾ കയറി ഇറങ്ങുകയാണ്.

കേന്ദ്ര സഹായം ലഭിച്ചാൽ മാത്രമേ നഷ്ടപരിഹാരം നൽകാൻ കഴിയൂ എന്നാണ് മൃഗസംരക്ഷണവകുപ്പ് അധികൃതർ പറയുന്നത്. ലോകാരോഗ്യ സംഘടനയുടെ നിർദേശമനുസരിച്ചാണ് കള്ളിങ് നടത്തിയത്. നഷ്ടപരിഹാരം നൽകാതെ താറാവു കർഷകരെ പ്രതിസന്ധിയിലാക്കി താറാവു വളർത്തൽ സീസൺ മാറ്റാനുള്ള നീക്കമാണ് നടക്കുന്നതെന്ന് കർഷകർ പറയുന്നു. സീസൺ നിശ്ചയിക്കുന്നത് കാലാവസ്ഥയുടെ അടിസ്ഥാനത്തിലും വലിയ ചെലവു കൂടാതെ തീറ്റ ലഭിക്കുന്നതും വിപണി കണ്ടെത്താൻ സാധിക്കുന്നതുമായ കാലം നോക്കിയാണെന്നാണ് പരമ്പരാഗത താറാവുകർഷകർ പറയുന്നത്. പ്രതിരോധ മരുന്നു കണ്ടുപിടിക്കണമെന്നും ഇൻഷുറൻസ് പരിരക്ഷ നടപ്പിലാക്കണമെന്നും കർഷകർ ആവശ്യപ്പെട്ടു.

## ഏലം കൃഷിക്ക് വിള ഇൻഷുറൻസ് രജിസ്ട്രേഷൻ 24 വരെ നീട്ടി

**കട്ടപ്പന:** കേന്ദ്ര വാണിജ്യ മന്ത്രാലയത്തിനു കീഴിലുള്ള സ്പൈസസ് ബോർഡ് പൊതുമേഖലാ സ്ഥാപനമായ അഗ്രികൾചർ ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ച് ഏലം കൃഷിക്കായി നടപ്പാക്കുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി രജിസ്ട്രേഷനുള്ള കാലാവധി 24 വരെ ദീർഘിപ്പിച്ചു. ഫെബ്രുവരി 28 വരെയാണ് കാലാവധി നിശ്ചയിച്ചിരുന്നതെങ്കിലും ബഹുഭൂരിപക്ഷം കർഷകരും ഇൻഷുറൻസിൽ ചേർന്നിട്ടില്ല. ഈ സാഹചര്യത്തിലാണ് രജിസ്ട്രേഷനുള്ള കാലാവധി നീട്ടിയത്.പുറ്റടി സ്പൈസസ് പാർക്കിലും കട്ടപ്പന, നെടുങ്കണ്ടം, രാജാക്കാട്, ഏലപ്പാറ എന്നീ സ്പൈസസ് ബോർഡ് ഫീൽഡ് ഓഫിസുകളിലും രജിസ്ട്രേഷൻ ഉണ്ടായിരിക്കും. ഇതിൽ കാലാവസ്ഥയുടെ ഡേറ്റ പ്രകാരമുള്ള നഷ്ടപരിഹാരം ലഭിക്കാൻ കർഷകർ അപേക്ഷ സമർപ്പിക്കേണ്ടതില്ല. വ്യക്തിഗത നഷ്ടങ്ങൾ 72 മണിക്കൂറിനകം അടുത്തുള്ള സ്പൈസസ് ബോർഡ് ഓഫിസിലോ അഗ്രികൾചർ ഇൻഷുറൻസ് കമ്പനി (എഐസി) റീജനൽ ഓഫിസിലോ അറിയിക്കണം. ഹെക്ടർ ഒന്നിന് 1,20,000 രൂപയാണ് ഇൻഷുറൻസ് തുക. കർഷകർ അടയ്ക്കേണ്ട പ്രീമിയം തുകയുടെ 75% സ്പൈസസ് ബോർഡ് സബ്സിഡിയായി നൽകും.

25% മാത്രമാണ് കർഷകർ അടയ്ക്കേണ്ടത്. രജിസ്ട്രേഷന് കർഷകന്റെ ആധാർ കാർഡ്, ബാങ്ക് പാസ്ബുക്ക്, കരം അടച്ച രസീത് / പാട്ടക്കരാർ, കാർഡമം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, അവകാശിയായുള്ള വ്യക്തിയുടെ ആധാർ കാർഡ് എന്നിവയുടെ കോപ്പി പ്രീമിയം തുകയോടൊപ്പം എത്തിക്കണം.



# മാട്ടുപ്പെട്ടി, കുണ്ടള, എക്കോ പോയിന്റ് എന്നിവിടങ്ങളിൽ കൂടുതൽ ബോട്ടുകൾ

**മൂന്നാർ :** മാട്ടുപ്പെട്ടി, കുണ്ടള, എക്കോ പോയിന്റ് എന്നിവിടങ്ങളിലെത്തുന്ന വിനോദസഞ്ചാരികളുടെ ഉല്ലാസത്തിനായി കൂടുതൽ ബോട്ടുകൾ എത്തി. മാട്ടുപ്പെട്ടിയിലേക്ക് ഏഴു പേർക്ക് സഞ്ചരിക്കാവുന്ന രണ്ടും എട്ടുപേർക്കു സഞ്ചരിക്കാവുന്ന ഒന്നുമുൾപ്പെടെ മൂന്നു വലിയ സ്പീഡ് ബോട്ടുകളും എക്കോ പോയിന്റ്, കുണ്ടള എന്നിവടങ്ങളിലേക്ക് അഞ്ചു പേർക്കു കയറാവുന്ന അഞ്ചു വീതം പെഡൽ ബോട്ടുകളുമാണ ഹൈഡൽ ടൂറിസം പുതിയതായി വാങ്ങി എത്തിച്ചത്. ഇതോടെ മാട്ടുപ്പെട്ടിയിൽ ഹൈഡൽ ടൂറിസത്തിനു മാത്രം 13 സ്പീഡ് ബോട്ടുകളായി.

ഡിടിപിസിക്ക് നാലു സ്പീഡ് ബോട്ടുകളുണ്ട്. കുണ്ടള, എക്കോ പോയിന്റ് എന്നിവിടങ്ങളിൽ പെഡൽ ബോട്ടുകളുടെ എണ്ണം 15 വീതമായി. മാട്ടുപ്പെട്ടിയിൽ 10 പെഡൽ ബോട്ടുകളുണ്ട്. 15 മിനിറ്റ് സവാരിക്കായി 1,200 രൂപയാണ് സ്പീഡ് ബോട്ടുകളുടെ നിരക്ക്. പെഡൽ ബോട്ടിന് 600 രൂപയാണ് അര മണിക്കൂർ സവാരിക്കായി ഈടാക്കുന്നത്. മാട്ടുപ്പെട്ടിയിൽ 20 പേർക്ക് യാത്ര ചെയ്യാൻ കഴിയുന്ന ഫാമിലി ബോട്ടും സവാരി നടത്തുന്നുണ്ട്. അര മണിക്കൂർ സവാരിക്ക് 1,750 രൂപയാണ് നിരക്ക്.

# എരുമേലി ഗ്രീൻ ഫീൽഡ് വിമാനത്താവള നിർമാണ പദ്ധതിക്ക് വേഗമേറുന്നു



**എരുമേലി:** സാമൂഹികാഘാത പഠനം ആരംഭിച്ചതോടെ ഗ്രീൻ ഫീൽഡ് വിമാനത്താവള നിർമാണ പദ്ധതിക്ക് വേഗം കൂടുന്നു. പദ്ധതിയുമായി സർക്കാർ മുന്നോട്ടുപോകുന്നതു സംബന്ധിച്ച നടപടികളുടെ ഭാഗമായിട്ടാണ് ആദ്യം ഏറ്റെടുക്കുന്ന സ്ഥലങ്ങളുടെ സർവേ നമ്പറുകൾ പ്രസിദ്ധീകരിച്ചത്.

ഇതിന്റെ രണ്ടാം ഘട്ടമായിട്ടാണ് ഏറ്റെടുക്കുന്ന സ്ഥലങ്ങളിൽ സാമൂഹികാഘാത പഠനം നടത്തുന്നത്. ചെറുവള്ളി എസ്റ്റേറ്റിനും പുറമേ സർക്കാർ പദ്ധതിക്കായി ഏറ്റെടുക്കുന്ന 307 ഏക്കർ സ്വകാര്യ ഭൂമിയിലെ വീടുകളുടെയും സ്ഥലം ഉടമകളുടെയും വിവരങ്ങളാണ് ഇപ്പോൾ തേടാൻ ആരംഭിച്ചത്.

ഇതിനു ശേഷംചെറുവള്ളി എസ്റ്റേറ്റിലെ ലയങ്ങളിൽ ഉൾപ്പെടെയുള്ളവരുടെ വിവരങ്ങൾ ശേഖരിക്കും. വിമാനത്താവളത്തിനായി 2013ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുമെന്നാണ് സർക്കാരിന്റെ നിലപാട്. ഇങ്ങനെ വന്നാൽ തടസ്സങ്ങൾ ഒഴിവാക്കി അതിവേഗം ഭൂമി ഏറ്റെടുക്കാൻ സർക്കാരിനു കഴിയും.

പൊതുവികസന ആവശ്യത്തിനുള്ള സ്ഥലം ഏറ്റെടുപ്പ് ആയതിനാൽ കോടതിയെ സമീപിച്ച് പദ്ധതി തടസ്സപ്പെടുത്തുന്നതിനു പ്രതിബന്ധങ്ങൾ ഉണ്ട്. നഷ്ടപരിഹാര പാക്കേജ് സംബന്ധിച്ച് കോടതിയിൽ പോയാലും സ്ഥലം ഏറ്റെടുപ്പ് തടസ്സപ്പെടാതെ മുന്നോട്ടുപോകും. നിയമ പ്രശ്നങ്ങളോ ഉടമസ്ഥാവകാശ തർക്കമോ മറ്റു തർക്കങ്ങളോ ഉണ്ടായാൽ റവന്യു വകുപ്പ് ഭൂമിക്ക് നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാര പാക്കേജ് തുക കോടതിയിൽ കെട്ടിവച്ച് നടപടികളുമായി മുന്നോട്ടുപോകും.ജില്ലയിൽ റെയിൽപാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്കാണ് സമീപ കാലത്ത് ഏറ്റവും കൂടുതൽ സ്ഥലം 2013ലെ സ്ഥലം ഏറ്റെടുക്കൽ ആക്ട് നടപടി പ്രകാരം ഏറ്റെടുത്തത്.

അനേകം കേസുകൾ ഉണ്ടായിട്ടും സ്ഥലം ഏറ്റെടുക്കൽ നടപടികൾക്ക് കാര്യമായ തടസ്സം ഉണ്ടാകാതെ നിശ്ചിത സമയത്ത് പൂർത്തിയാക്കി. 43 ഹെക്ടർ ഭൂമിയാണ് നിശ്ചിത സമയത്തിനുള്ളിൽ അന്ന് റെയിൽവേക്കായി വേണ്ടി റവന്യു വകുപ്പ് ഏറ്റെടുത്തു കൈമാറിയത്. 230 കോടി രൂപ നഷ്ടപരിഹാരം വിതരണം ചെയ്തു.

സാമൂഹികാഘാത പഠനം നടത്തുന്നതിലൂടെ, സ്ഥലം ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന സാമൂഹിക, ജീവിത പ്രശ്നങ്ങൾ ജനങ്ങൾക്ക് അവതരിപ്പിക്കാൻ അവസരം ലഭിക്കും. നഷ്ടപരിഹാര പാക്കേജ് സംബന്ധിച്ചും ജനങ്ങൾക്ക് അവരുടെ ആവശ്യങ്ങൾ ചർച്ച ചെയ്യാൻ അവസരമുണ്ട്.

## മുനിസിപ്പൽ സ്റ്റാൻഡ് ബസ് ടെർമിനൽ നിർമാണത്തിനു തുടക്കം

**പാലക്കാട്:** മഴക്കാലമെത്തും മുൻപേ മുനിസിപ്പൽ സ്റ്റാൻഡ് ബസ് ടെർമിനൽ നിർമാണം പൂർത്തീകരിക്കാൻ കൂട്ടായ പരിശ്രമം നടത്തുമെന്ന ജനപ്രതിനിധികളുടെ പ്രഖ്യാപനത്തിൽ ആഹ്ലാദത്തോടെ ജനം. വി.കെ.ശ്രീകണ്ഠൻ എംപി വികസന ഫണ്ടിൽ നിന്നനുവദിച്ച 2 കോടി രൂപ ഉപയോഗിച്ചാണു നിർമാണം. നിർമാണോദ്ഘാടനം നഗരസഭാധ്യക്ഷ പ്രിയ അജയന്റെ അധ്യക്ഷതയിൽ വി.കെ. ശ്രീകണ്ഠൻ എംപി നിർവഹിച്ചു.എല്ലാ കാര്യത്തിലും രാഷ്ട്രീയം കാണുന്ന കാലത്ത് വികസനത്തിന് ഒറ്റക്കെട്ടായി നിൽക്കാനുള്ള തീരുമാനം നാടിനു ഗുണം ചെയ്യുമെന്ന് വി.കെ.ശ്രീകണ്ഠൻ എംപി പറഞ്ഞു. പാലക്കാടിനെ പഴയപ്രതാപത്തിലേക്കെത്തിക്കാൻ ബസ് സ്റ്റാൻഡ് വഴിവയ്ക്കും.

സ്റ്റാൻഡിനായി ഭരണകക്ഷിയായ ബിജെപി ഒഴിച്ച് മറ്റു രാഷ്ട്രീയ കക്ഷികളെല്ലാം സമരം നടത്തി. പക്ഷേ, ഭരണകക്ഷി എന്ന നിലയിൽ ബസ് സ്റ്റാൻഡിനായി അവരുടേതായ രീതിയിൽ ശ്രമം നടത്തി. പദ്ധതിക്കു നല്ല സഹകരണമാണ് ഭരണസമിതി നൽകിയത്. ഗ്രീൻഫീൽഡ് ഹൈവേ, വ്യവസായ ഇടനാഴി എന്നിവ യാഥാർഥ്യത്തിലേക്ക് അടുക്കുകയാണ്. റെയിൽവേ പിറ്റ് ലൈൻ വരുന്നത് കേരളത്തിനാകെ നേട്ടമാകും. വിമാനത്താവളത്തിനായി പ്രാഥമിക പരിശോധനകൾ നടന്നുവരികയാണെന്നും അദ്ദേഹം പറഞ്ഞു.

കെഎസ്ആർടിസി ബസ് സ്റ്റാൻഡിന്റെ അവസ്ഥ വരാതെ എത്രയും പെട്ടെന്നു പദ്ധതി പൂർത്തീകരിക്കാൻ ശ്രമം വേണമെന്ന് മുഖ്യാതിഥിയായ ഷാഫി പറമ്പിൽ എംഎൽഎ പറഞ്ഞു. വി.കെ.ശ്രീകണ്ഠനാണ് ആദ്യമായി നഗരസഭയ്ക്കു എംപി ഫണ്ട് നീക്കിവച്ചതെന്ന് വൈസ് ചെയർമാൻ ഇ.കൃഷ്ണദാസ് പറഞ്ഞു.




# സംസ്ഥാനത്ത് ആദ്യമായി വനിതകളുടെ നൈറ്റ് പട്രോളിങ് ടീമായി പെൺ കാവൽ

സംസ്ഥാനത്ത് ആദ്യമായി രൂപം കൊണ്ട വനിതകളുടെ നൈറ്റ് പട്രോളിങ് ടീം ആയ പെൺ കാവൽ വഴി സ്ത്രീകളുടെ നേതൃ ശേഷിയും ,കർമോത്സുകതയും വർധിപ്പിക്കാനും അവരുടെ പങ്കാളിത്തം കൊണ്ടുവരാനും കഴിയുമെന്ന് ഉന്നത വിദ്യാഭ്യാസ സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ. ആർ.ബിന്ദു അഭിപ്രായപ്പെട്ടു.

ഇരിങ്ങാലക്കുട ജനമൈത്രി പോലീസും ,ജനമൈത്രി സുരക്ഷാ സമിതിയും ക്രൈസ്റ്റ് കോളേജും സാമൂഹ്യ സേവന സന്നദ്ധ സംഘടന ആയ തവനീഷും സംയുക്തമായി നടത്തുന്ന പെൺ കാവൽ നൈറ്റ് പട്രോളിങ് ടീമിന്റെ ഉത്ഘാടനം ഫ്ളാഗ് ഓഫ് ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

പോലീസും ജനങ്ങളുമായി കൈകോർത്ത് പിടിക്കുന്ന സംവിധാനമാണ് കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര മന്ത്രി ആയ കാലത്ത് നടപ്പിലാക്കിയ ജനമൈത്രി പോലീസ് പദ്ധതി. അതിലേക്ക് വനിതാ ഇടപെടൽ കൂടി പെൺ കാവൽ വഴി വരികയാണ്. സ്ത്രീകളുടെ നേതൃശേഷിയും കർമോത്സുകതയും വർധിപ്പിക്കാൻ ഇത്തരം പദ്ധതികൾ വഴി കഴിയുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ജനമൈത്രി സുരക്ഷാ സമിതി അംഗവും നൈറ്റ് പട്രോളിങ് ടീം ക്യാപ്റ്റനുമായ അഡ്വ. കെ. ജി.അജയകുമാർ പദ്ധതി വിശദീകരണം നടത്തി. വനിതാ പോലീസുകാർക്ക് ഒപ്പം ക്രൈസ്റ്റ് കോളേജ് വിദ്യാർത്ഥികളും നൈറ്റ് പട്രോളിങ് ടീമിലുണ്ട്. വിദ്യാർത്ഥികൾക്ക് ഉള്ള യൂണിഫോം വിതരണവും മന്ത്രി നിർവഹിച്ചു.

ഇരിങ്ങാലക്കുട ഡി .വൈ.എസ്. പി.ബാബു കെ.തോമസ് അധ്യക്ഷനായ ചടങ്ങിൽ മുരിയാട് ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് ജോസ് ജെ. ചിറ്റിലപ്പിള്ളി, ജനമൈത്രി സുരക്ഷാ സമിതി അംഗം മുവീഷ് മുരളി, വനിതാ പട്രോളിങ് ടീമംഗം മോഹന ലക്ഷ്മി എന്നിവർ ആശംസകൾ നേർന്നു.

സബ് ഇൻസ്പെക്ടറും ജനമൈത്രി പി. ആർ. ഒ.യുമായ ജോർജ് കെ. പി. സ്വാഗതവും ഇരിങ്ങാലക്കുട സബ് ഇൻസ്പെക്ടർ സുദർശന എസ്. നന്ദിയും രേഖപ്പെടുത്തി.

## വഴിയോര വിശ്രമകേന്ദ്രം പദ്ധതി: ഭൂമിയുടെ ഉടമസ്ഥാവകാശം എക്കാലവും സർക്കാരിനുതന്നെ

സംസ്ഥാന സർക്കാർ സംരംഭമായ ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിങ് ലിമിറ്റഡ് (ഒ.കെ.ഐ.എച്ച്.എൽ) വികസിപ്പിക്കുന്ന വഴിയോര വിശ്രമ കേന്ദ്രങ്ങൾ തുടങ്ങാൻ സർക്കാർ ഭൂമിയുടെ ഉടമസ്ഥാവകാശം വിട്ടുകളഞ്ഞുകൊണ്ട് കൈമാറാൻ തീരുമാനമെടുത്തെന്ന വാർത്ത അടിസ്ഥാനരഹിതവും വസ്തുതാവിരുദ്ധവുമാണെന്നു കമ്പനി അറിയിച്ചു.

ലോക കേരള സഭയുടെ നിർദേശപ്രകാരം രൂപീകരിക്കപ്പെട്ട നൂറുശതമാനം സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയാണ് ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിങ് കമ്പനി. ദേശീയ പാത കടന്നുപോകുന്ന കേരളത്തിലെ 30 മേഖലകളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള വഴിയോര സൗകര്യ കേന്ദ്രങ്ങളുടെ ശൃംഖല (റസ്റ്റ് സ്റ്റോപ്പ്) സൃഷ്ടിക്കുകയാണ് ഒ.കെ.ഐ.എച്ച്.എല്ലിന്റെ പ്രധാന പദ്ധതികളിൽ ഒന്ന്. റെസ്റ്ററന്റുകൾ, ഫുഡ് കോർട്ട്, കൺവീനിയൻസ് സ്റ്റോർ, ക്ലിനിക്ക്, ഇന്ധന സ്റ്റേഷൻ, വാഹന അറ്റകുറ്റപ്പണി സൗകര്യങ്ങൾ, കാരവൻ പാർക്കിംഗ്, ഉയർന്ന നിലവാരത്തിലുള്ള ടോയ്‌ലറ്റ് ബ്ലോക്കുകൾ, മോട്ടൽ മുറികൾ, ട്രാവലേഴ്സ് ലോഞ്ച്, കോൺഫറൻസ്, മീറ്റിംഗ് റൂമുകൾ എന്നിവയുൾപ്പെടെയാണ് വിശ്രമ കേന്ദ്രങ്ങൾ ഒരുക്കുന്നത്. യാത്രക്കാർക്കും അന്താരാഷ്ട്ര ടൂറിസ്റ്റുകൾക്കും അത്യാധുനിക സൗകര്യങ്ങൾ ഒരുക്കുന്നതോടൊപ്പം പ്രാദേശികതലത്തിൽ ജോലി സാധ്യതകൾ സൃഷ്ടിക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പ്രവാസി മലയാളികൾക്ക് ലാഭകരമായി നിക്ഷേപിക്കാനും മടങ്ങിയെത്തിയ പ്രവാസികൾക്ക് അവരുടെ കഴിവുകളും വൈദഗ്ധ്യവും പ്രയോജനപ്പെടുത്താനുമുള്ള സാധ്യതകളാണു പദ്ധതി നൽകുന്നത്. 100 ശതമാനം ഒ.കെ.ഐ.എച്ച്.എല്ലിന്റെ ഉടമസ്ഥതയിലുള്ള റെസ്റ്റ് സ്റ്റോപ്പ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയാണ് പൂർത്തിയായ പദ്ധതികളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുക.

# നെല്ലു വിറ്റ തുക ലഭിച്ചില്ല; കർഷകർ ആശങ്കയിൽ



**പെരുമ്പിലാവ് :** പിആർഎസ് (പാഡി റസീറ്റ് ഷീറ്റ്) നൽകി 3 ദിവസത്തിനുള്ളിൽ നെല്ലു വിറ്റ പണം അക്കൗണ്ടിൽ വരുമെന്നു വിശ്വസിച്ച് കേരള ബാങ്കിൽ അക്കൗണ്ട് തുടങ്ങിയ കർഷകർ വെട്ടിൽ. മാസം ഒന്നു കഴിഞ്ഞിട്ടും പണം കിട്ടാതായതോടെ കടക്കെണിയിൽ കുരുങ്ങി നട്ടം തിരിയുകയാണ് ഇവർ. നെല്ലിന്റെ പണം കിട്ടിയാൽ തരാം എന്നു പറഞ്ഞാണു വളം, കീടനാശിനി, കൊയ്ത്ത് യന്ത്രം തുടങ്ങിയവ ഭൂരിഭാഗം കർഷകരും കൃഷിക്ക് എത്തിച്ചത്. കടം കൊടുത്തവർ പണത്തിനായി വിളിച്ചു തുടങ്ങിയതോടെ മനസ്സമാധാനം നഷ്ടപ്പെട്ടുവെന്നു കർഷകർ പറയുന്നു.

പണം എപ്പോൾ കിട്ടുമെന്ന് അന്വേഷിച്ച് എത്തുന്നവരോടു കൃത്യമായ മറുപടി പറയാനാകാതെ ബാങ്ക് അധികൃതരും പ്രയാസത്തിലാണ്. കടവല്ലൂർ മേഖലയിൽ ഒരു മാസം മുൻപു സംഭരണം നടത്തിയ നെല്ലിന്റെ പിആർഎസ് ഇപ്പോഴും നൽകിയിട്ടില്ല. പണം നൽകുന്നതു വൈകിക്കാൻ അധികൃതർ നടത്തുന്ന നാടകമാണ് ഇതെന്നു കർഷകർ ആരോപിക്കുന്നു.

തൂക്കം രേഖപ്പെടുത്തി മില്ല് തൊഴിലാളികൾ നൽകിയ ഒരു തുണ്ടു കടലാസ് മാത്രമാണു കർഷകരുടെ കൈവശം നെല്ലു വിറ്റതിന്റെ തെളിവായി ഉള്ളത്. മുൻവർഷങ്ങളിൽ, നെല്ലിന്റെ പണം വൈകിയാലും വൈക്കോൽ വിറ്റു കിട്ടുന്ന തുക കൊണ്ടു അത്യാവശ്യ കാര്യങ്ങൾ നടത്തിയിരുന്നു.

ഈ വർഷം വൈക്കോൽ വില കുത്തനെ ഇടിഞ്ഞു. 8090 രൂപയാണു നിലവിൽ ഒരു കെട്ട് വൈക്കോലിന്റെ വില. അതിൽ 35 രൂപ കെട്ടു കൂലി നൽകണം. വാങ്ങാൻ ആളില്ലാത്ത പ്രശ്നവും ഉണ്ട്.

## തുല്യതാ രജിസ്ട്രേഷൻ 15 വരെ

പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സംസ്ഥാന സാക്ഷരതാ മിഷൻ നടത്തുന്ന തുല്യതാ കോഴ്സുകളുടെ 2023 വർഷത്തെ രജിസ്ട്രേഷൻ മാർച്ച് 15ന് അവസാനിക്കും. ഏഴാം ക്ലാസ്സ് വിജയിച്ച 17 വയസ്സ് തികഞ്ഞവർക്ക് പത്താംതരം തുല്യതയ്ക്കും പത്താംക്ലാസ്സ് വിജയിച്ചവർക്ക് ഹയർ സെക്കന്ററി തുല്യതയ്ക്കും രജിസ്റ്റർ ചെയ്യാം. ഓൺലൈനായാണ് രജിസ്ട്രേഷൻ. പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പത്താംതരത്തിന് 100 രൂപയും ഹയർ സെക്കൻഡറിക്ക് 300രൂപയും അടച്ചാൽ മതി. എസ് ടി വിഭാഗത്തിലുള്ളവർ ഈ കോഴ്സുകളിൽ വിജയിച്ചാൽ അവർക്ക് തുടർ പഠനത്തിന് സംസ്ഥാന സർക്കാർ സ്കോളർഷിപ്പ് നല്കും. ഫോൺ: 0487 2365024, 9446793460.



# സീഡിംഗ് കേരളയിലൂടെ നാല് എയ്ഞ്ചൽ നെറ്റ് വർക്കുകൾ ; 18 കോടി രൂപയുടെ നിക്ഷേപ പ്രഖ്യാപനം നടത്തി



**കൊച്ചി:** കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിച്ച ആറാമത് സീഡിംഗ് കേരള സമ്മേളനത്തിൽ 18.4 കോടി രൂപയുടെ നിക്ഷേപം നാല് എയ്ഞ്ചൽ നെറ്റ് വർക്കുകൾ പ്രഖ്യാപിച്ചു. എയ്ഞ്ചൽ നെറ്റ് വർക്കുകളുടെ നേതൃത്വത്തിലാണ് ഈ നിക്ഷേപ തുക സമാഹരിക്കുന്നത്.സ്പാർക്സ് എയ്ഞ്ചൽ നെറ്റ് വർക്കിന്റെ നേതൃത്വത്തിൽ നാല് സ്റ്റാർട്ടപ്പുകളിലായി എട്ടു കോടി രൂപ, കേരള എയ്ഞ്ചൽ നെറ്റ് വർക്കിന്റെ നേതൃത്വത്തിൽ നാല് സ്റ്റാർട്ടപ്പുകളിലായി അഞ്ച് കോടി രൂപ, ഫീനിക്സ് എയ്ഞ്ചൽ നെറ്റ് വർക്കിന്റെ നേതൃത്വത്തിൽ രണ്ട് സ്റ്റാർട്ടപ്പുകളിലായി മൂന്നര കോടി രൂപ, ജിഎസ് എഫ് ആക്സിലറേറ്റർ 40 ലക്ഷം രൂപ, സ്റ്റാർട്ടപ്പ് സ്ഥാപകർ ചേർന്ന് അഞ്ച് സ്റ്റാർട്ടപ്പുകളിലായി ഒന്നര കോടി രൂപ എന്നിങ്ങനെയാണ് നിക്ഷേപം പ്രഖ്യാപിച്ചത്. സ്റ്റാർട്ടപ്പുകളിലെ നിക്ഷേപസാധ്യതകളെ കുറിച്ച് മികച്ച നിക്ഷേപശേഷിയുള്ള വ്യക്തികളിൽ (എച്ച് എൻ ഐഹൈ നെറ്റ് വർത്ത് ഇൻഡിവിഡ്വൽസ്) അവബോധം നൽകുന്നതിനും നിക്ഷേപവഴികൾ തുറക്കുന്നതിനുമായാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ സീഡിംഗ് കേരള സംഘടിപ്പിക്കുന്നത്.സർവകലാശാലകളും വ്യവസായ ലോകവും സ്റ്റാർട്ടപ്പുകളിൽ നിക്ഷേപം നടത്തുന്നതിന് ഊന്നൽ നൽകണമെന്ന് ഐടി ഇലക്ട്രോണിക്സ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി രത്തൻ ഖേൽക്കർ വീഡിയോ കോൺഫറൻസിലൂടെ സമ്മേളനത്തെ അഭിസംബോധന ചെയ്യവെ പറഞ്ഞു. സംസ്ഥാനത്തിന്റെ വളർച്ചാനിരക്കിന് ഏറെ സംഭാവന നൽകുന്ന സ്റ്റാർട്ടപ്പ് മേഖലയ്ക്കുള്ള സഹായം സർക്കാർ വർധിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.കേരളം ഇലക്ട്രോണിക്സ് വിപ്ലവമാണ് പ്രതീക്ഷിക്കുന്നതെന്ന് കെഎസ് യുഎം സിഇഒ അനൂപ് അംബിക പറഞ്ഞു. ഐടി സേവന മേഖലയ്ക്കൊപ്പം ഐടി അധിഷ്ഠിത ഉത്പന്നങ്ങളിൽ കൂടി ശ്രദ്ധ പതിപ്പിക്കണമെന്ന് അദ്ദേഹം പറഞ്ഞു. വളർച്ചയ്ക്കായി നിക്ഷേപം, അടിസ്ഥാന സൗകര്യവികസനം, ബുദ്ധി പൂർവമായ പ്രവർത്തനം എന്നിവയാണ് വേണ്ടത്. അവസാന രണ്ട് ഘടകങ്ങളും വേണ്ടുവോളം ഉണ്ടെങ്കിലും സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയ്ക്ക് വേണ്ടത് നിക്ഷേപമാണെന്നും അദ്ദേഹം പറഞ്ഞു.കഴിഞ്ഞ വർഷം 2022 കേരളത്തിൽ രജിസ്റ്റർ ചെയ്തതോ, പ്രവർത്തിക്കുന്നതോ ആയ സ്റ്റാർട്ടപ്പുകൾ 2000 കോടി രൂപയോളം നിക്ഷേപമാണ് സമാഹരിച്ചത്. സേവന ഉത്പന്നവിഭാഗമായ സാസിലാണ് (41.7 ശതമാനം)ഏറ്റവും കൂടുതൽ സ്റ്റാർട്ടപ്പുകളുള്ളത്. ഹാർഡ് വെയറിൽ 20.8 ശതമാനം സ്റ്റാർട്ടപ്പുകളാണുള്ളത്. എഐ, ഫിൻടെക്, എജ്യുടെക്, ഹെൽത്ത് കെയർ എന്നിവയിൽ 8.3 ശതമാനം സ്റ്റാർട്ടപ്പുകളുമുണ്ട്. ഡിടുസി വിഭാഗത്തിൽ 4.2 ശതമാനം സ്റ്റാർട്ടപ്പ്സംരംഭങ്ങളുമുണ്ട്.നിക്ഷേപക സ്ഥാപനമായ 100 എക്സ് വിസി സ്ഥാപകൻ സഞ്ജയ് മേത്ത, സീമെൻസ് വൈസ്പ്രസിഡൻറ് അമൃത വേണുഗോപാൽ, സോഹോ ഗ്രൂപ്പ് സഹസ്ഥാപകൻ ടോണി തോമസ് എന്നിവർ മുഖ്യപ്രഭാഷണം നടത്തി.കേരള സ്റ്റാർട്ടപ്പ് മിഷൻറെ ഈ വർഷത്തെ ഫണ്ട് ഓഫ് ഫണ്ട് പ്രഖ്യാപനവും സീഡിംഗ് കേരളയിൽ നടന്നു. യൂണികോൺ ഇന്ത്യ വെഞ്ചർ ഫണ്ട്, ഇന്ത്യ എയ്ഞ്ചൽ നെറ്റ് വർക്ക്, സി ഫണ്ട്, എഡബ്ല്യൂഇ ഫണ്ട്, ട്രാൻസിഷൻ വെഞ്ച്വർ ക്യാപിറ്റൽസ് എന്നിവരാണ് ഈ വർഷത്തെ ഫണ്ട് ഓഫ് ഫണ്ട് പങ്കാളികൾ. അനൂപ് അംബികയാണ് പ്രഖ്യാപനം നടത്തിയത്.എയ്ഞ്ചൽ നിക്ഷേപങ്ങളെക്കുറിച്ചാണ് സീഡിംഗ് കേരളയിൽ ഏറ്റവുമധികം ചർച്ച നടന്നത്. ഹൈദരബാദ് എയ്ഞ്ചൽസിന്റെ രത്നാകർ സാമവേദം, ചെന്നൈ എയ്ഞ്ചൽസിന്റെ ചന്തു നായർ, യൂണികോൺ ഇന്ത്യയുടെ അനിൽ ജോഷി, മലബാർ എയ്ഞ്ചൽ നെറ്റ് വർക്കിന്റെ പി കെ ഗോപാലകൃഷ്ണൻ എന്നിവർ അവതരണം നടത്തി.സോഹോ ഗ്രൂപ്പിന്റെറ സിഇഒ ശ്രീധർ വേമ്പു, ഓപ്പൺ ഫിനാൻഷ്യൽ ടെക്നോളജീസിന്റെ അനീഷ് അച്യുതൻ, ജെൻ റോബോട്ടിക്സിൻറെ വിമൽ ഗോവിന്ദ്, എന്നിവർ സംസാരിച്ചു.സർക്കാർ,വ്യവസായവിദ്യാഭ്യാസകോർപറേറ്റ് മേഖലയിലെ പ്രതിനിധികൾ എന്നിവർ പങ്കെടുത്ത പ്രത്യേക സമ്മേളനവും നടന്നു. സ്റ്റാർട്ടപ്പ് ഫണ്ടിംഗിലെ ലിംഗനീതി, സ്റ്റാർട്ടപ്പിൽ നിന്ന് എയ്ഞ്ചൽ നെറ്റ് വർക്കിലേക്ക്, എയ്ഞ്ജൽ നിക്ഷേപത്തിലെ സാധ്യതകൾ, സ്റ്റാർട്ടപ്പുകളെ എങ്ങിനെ വിലയിരുത്താം, നിക്ഷേപം നടത്താം, എയ്ഞ്ചൽ നിക്ഷേപത്തിലെ പാഠങ്ങൾ, എന്നീ വിഷയങ്ങളിലാണ് വിദഗ്ധർ സംസാരിച്ചത്.

# ആലപ്പുഴയിൽ അന്താരാഷ്ട്ര വനിതാ ചലച്ചിത്രമേള

**ആലപ്പുഴ:** ആലപ്പുഴ കൈരളി, ശ്രീ തീയറ്ററുകളിലായി 17,18,19 തിയതികളിൽ നടക്കുന്ന നാലമത് വനിതാ അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ ഒരുക്കങ്ങളായി. ഇന്റർനാഷണൽ, ഇന്ത്യൻ, മലയാളം വിഭാഗങ്ങളിലായി 25 ഓളം ചിത്രങ്ങൾ പ്രദർശിപ്പിക്കുന്ന മേളയിൽ ആയിരത്തിലേറെ പ്രതിനിധികളെയാണ് പ്രതീക്ഷിക്കുന്നത്. മേളയുടെ ലോഗോ പ്രകാശനം ജില്ല പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരിക്ക് നൽകി സംവിധായകൻ ഫാസിൽ നിർവഹിച്ചു. ചലച്ചിത്ര മേളയിൽ വിദ്യാർഥികളുടെ പങ്കാളിത്തം ഉറപ്പു വരുത്തണമെന്ന് സിനിമ സംവിധായകൻ ഫാസിൽ ലോഗോ പ്രകാശിപ്പിച്ച് പറഞ്ഞു. വിദ്യാർത്ഥിയായിരിക്കുമ്പോൾ ആലപ്പുഴയിൽ നടന്ന ചലച്ചിത്ര മേളയുടെ ഓർമകളും അദ്ദേഹം പങ്കുവച്ചു. തന്റെ വിദ്യാർഥി ജീവിതത്തിനിടെ മേളയിൽ കണ്ട ദി ബലാഡ് ഓഫ് എ സോൾജിയർ എന്ന സിനിമ ഇപ്പോഴും ഓർമകളുടെ ഫ്രെയിമിൽ നിറഞ്ഞുനിൽക്കുന്നതായി അദ്ദേഹം പറഞ്ഞു. ആ മേളയാണ് തന്നിൽ തീക്ഷ്ണമായ സിനിമാ മോഹം നിറച്ചതെന്നും ഫാസിൽ പറഞ്ഞു. ജെൻഡർ കൗൺസിൽ അംഗം ബിച്ചു എക്സ് മലയിൽ അധ്യക്ഷയായി. മുഖ്യമന്ത്രി പിണറായി വിജയൻ മുഖ്യ രക്ഷാധികാരിയായും സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ, കൃഷി മന്ത്രി പി.പ്രസാദ്, വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണ ജോർജ് എന്നിവർ സഹരക്ഷാധികാരികളായും ജില്ലയിലെ എം.പി.മാരും എം.എൽ.എമാരും രക്ഷാധികാരികളായും സംഘാടക സമിതി രൂപവത്കരിച്ചു. മേളയുടെ ഓൺലൈൻ രജിസ്ട്രേഷൻ മാർച്ച് 10 മുതൽ ആരംഭിക്കും.
https://registration.iffk.in/ സൈറ്റിലൂടെയാണ് രജിസ്റ്റർ ചെയ്യേണ്ടത്. പൊതുജനങ്ങൾക്ക് 300 രൂപയും വിദ്യാർഥികൾക്ക് 150 രൂപയുമാണ് രജിസ്റ്ററേഷൻ ഫീസ്. രജിസ്ട്രേഷൻ ചെയ്യുന്നവർക്ക് എല്ലാ സിനിമകളും കാണുന്നതിന് അവസരമുണ്ട്.അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.ഷീബ രാഗേഷ്, നടി ഉഷ ഹസീന, കയർ ക്ഷേമനിധി ബോർഡ് സി.ഇ.ഓ എം.മഞ്ജു, കൈരളി ശ്രീ തീയറ്റർ മാനേജർ ടി.പ്രീതി, സി.ഡബ്ല്യൂ.സി അംഗം ഗീത തങ്കമണി, വിജയ ലക്ഷ്മി, അമൃതം ഗോപിനാഥ്, ചലച്ചിത്ര അക്കാദമി സെക്രട്ടറി സി.അജോയ്, ഡെപ്യൂട്ടി ഡയറക്ടർ (ഫെസ്റ്റിവൽ) എച്ച്.ഷാജി എന്നിവർ സംസാരിച്ചു. ജില്ല പഞ്ചായത്ത് പ്രസിഡന്റ് കെ.ജി.രാജേശ്വരി സംഘാടക സമിതിയുടെ ചെയർപേഴ്സണും നഗരസഭാധ്യക്ഷ സൗമ്യ രാജ് കോ ചെയർപേഴ്സണുമായി പ്രവർത്തിക്കും.




**അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ ലോഗോ പ്രകാശനം സംവിധായകൻ ഫാസിൽ ജില്ല പഞ്ചായത്ത് പ്രസിഡന്റ് കെ.ജി.രാജേശ്വരിക്ക് നൽകി പ്രകാശനം ചെയ്യുന്നു**

## കൂടിയാലോചനാ യോഗം ചേർന്നു

കൊച്ചി: പ്രധാൻ മന്ത്രി മത്സ്യ സമ്പദാ യോജന(പിഎംഎംഎസ്വൈ)യുടെ സംയോജിത ആധുനിക തീരദേശ മത്സ്യബന്ധന ഗ്രാമങ്ങൾ എന്ന പദ്ധതിക്കായ് ജില്ലയിൽ നിന്നും തിരഞ്ഞെടുത്ത നായരമ്പലം മത്സ്യഗ്രാമത്തിന്റെ കൂടിയാലോചനാ യോഗം മംഗല്യ ഓഡിറ്റോറിയത്തിൽ ചേർന്നു. കെ.എൻ ഉണ്ണികൃഷ്ണൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. നാരമ്പലം പഞ്ചായത്ത് പ്രസിഡന്റ് നീതു ബിനോദ് അധ്യക്ഷത വഹിച്ചു. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ എസ്.ജയശ്രീ, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ പി. അനീഷ് എന്നിവർ പദ്ധതി വിശദീകരിച്ചു. വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ ഇ.പി ഷിബു, അഗസ്റ്റിൻ മണ്ടോത്ത്, നായരമ്പലം പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോബി വർഗീസ്, വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് സാജിത്ത്, ഞാറക്കൽ മത്സ്യഭവൻ ഓഫീസർ സീതാലക്ഷ്മി, നായരമ്പലം പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, തീരദേശവികസന കോർപ്പറേഷൻ പ്രതിനിധികൾ, മത്സ്യഫെഡ്, സാഫ്, ക്ഷേമനിധിബോർഡ്, ഹരിതകേരള മിഷൻ, ശുചിത്വമിഷൻ, ഡിസാസ്റ്റർ മാനേജ്മെന്റ് പ്രതിനിധികൾ, മത്സ്യത്തൊഴിലാളി സംഘടനാ നേതാക്കൾ, മത്സ്യത്തൊഴിലാളി സഹകരണ സംഘം പ്രതിനിധികൾ, മത്സ്യകർഷകർ, മത്സ്യത്തൊഴിലാളികൾ, നായരമ്പലം പഞ്ചായത്ത് ആസൂത്രണ സമിതി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

## കബഡി ചാമ്പ്യൻഷിപ്പ്: സെലക്ഷൻ ട്രയൽസ് ബുധനാഴ്ച്ച

കൊച്ചി: ഹരിയാനയിൽ മാർച്ച് 23 മുതൽ 26 വരെ നടക്കുന്ന സീനിയർ നാഷണൽ വനിതാ കബഡി ചാമ്പ്യൻഷിപ്പിലേക്കുള്ള കേരള സംസ്ഥാന ടീമിനെ തിരഞ്ഞെടുക്കുന്നതിനുള്ള സീനിയർ വനിതാ കബഡി ചാമ്പ്യൻഷിപ്പ് 15ന് തിരുവനന്തപുരം ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ നടത്തും. ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന എറണാകുളം ജില്ലാ വനിതാ ടീമിലേക്കുള്ള സെലക്ഷൻ ട്രയൽസ് ബുധനാഴ്ച്ച(മാർച്ച് 8) രാവിലെ 8ന് ആലുവ സെന്റ് സേവിയേഴ്സ് കോളേജിൽ നടത്തും. പങ്കെടുക്കുവാൻ താത്പര്യമുള്ള കായിക താരങ്ങൾ ആധാർ കാർഡ്, മൂന്ന് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം അന്നേ ദിവസം രാവിലെ എത്തിച്ചേരണം. കൂടുതൽ വിവരങ്ങൾക്ക്: 0484 2367580.

## ലോക ഗ്ലോക്കോമാ വാരാചരണം

കൊച്ചി:ലോക ഗ്ലോക്കോമാ വാരാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം വടക്കൻ പറവൂർ താലൂക്ക് ആശുപത്രി കോൺഫറൻസ് ഹാളിൽ മുനിസിപ്പൽ ചെയർപേഴ്സൺ പ്രഭാവതി ടീച്ചർ നിർവഹിച്ചു. വാർഡ് കൗൺസിലർ ഗീത ബാബു അധ്യക്ഷത വഹിച്ചു. അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.ആർ.വിവേക് കുമാർ വിഷയാവതരണം നടത്തി. നേത്രരോഗ വിദഗ്ധ ഡോ.മഞ്ജു ക്ലാസ് എടുത്തു. ഓഫ്ത്താൽമിക് സർജൻ ഡോ. ബിജുവിന്റെ നേതൃത്വത്തിൽ നടത്തിയ ഗ്ലോക്കോമ നിർണ്ണയ ക്യാമ്പിൽ 120 പങ്കെടുത്തു. ആശുപത്രി സൂപ്രണ്ട് ഡോ.പി.എസ് റോസമ്മ, ജില്ലാ ഓഫ്ത്താൽമിക് കോഓഡിനേറ്റർ പി.വി സുജാത എന്നിവർ പ്രസംഗിച്ചു.

## നാഷണൽ യൂത്ത് വളിയർ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ക്ഷേമപദ്ധതികൾ യുവജന സന്നദ്ധ സംഘടനകൾവഴി ജനങ്ങളിലെത്തിക്കുന്ന വളിയർമാരുടെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. 2023 ഏപ്രിൽ 1 ന് 18 വയസ് പൂർത്തിയായവർക്കും 29 വയസ് കവിയാത്തവർക്കും അപേക്ഷിക്കാം. എസ്.എസ്.എൽ.സി വിജയമാണ് ചുരുങ്ങിയ വിദ്യാഭ്യാസ യോഗ്യത. വിദ്യാർത്ഥികൾ, മറ്റു ജോലികൾ ഉള്ളവർ അപേക്ഷിക്കേണ്ടില്ല. എറണാകുളം ജില്ലയിൽസ്ഥിരതാമസക്കാരായിരിക്കണം. പ്രതിമാസം 5000 രൂപ ഓണറേറിയം ലഭിക്കും. നിയമനകാലാവധി ഒരു വർഷം. വിദ്യാഭ്യാസ യോഗ്യതകൾ, താമസ സ്ഥലം, വയസ് എന്നിവ തെളിയിക്കുന്ന രേഖകൾ സഹിതം ംംം.ി്യസ.ിശര.ശി എന്ന വെബ് സൈറ്റിൽ ഓൺലൈനായി മാർച്ച് 9 നകം അപേക്ഷിക്കണം.
കൂടുതൽ വിവരങ്ങൾ 0484 2422800, 8714508255 എന്ന ഫോൺ നമ്പറിലോ, ി്യസ.ലൃിമസൗഹമാ@ഴാമശഹ.രീാ എന്ന മെയിലിലോ ജില്ലാ യൂത്ത് ഓഫീസർ, നെഹ്റു യുവകേന്ദ്ര, സിവിൽ സ്റ്റേഷൻ, കാക്കനാട് പി.ഒ. എന്ന വിലാസത്തിലോ ലഭിക്കും. രരജിസ്ട്രേഷനുള്ള ലിങ്ക്: യശേ.ഹ്യ/ി്യ2023

## ഐ.എച്ച്.ആർ.ഡി: അപേക്ഷ ക്ഷണിച്ചു

കൊച്ചി: കേന്ദ്രസർക്കാർ പദ്ധതിയായ പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന പദ്ധതിയുടെ കീഴിൽ (ജങഗഗ്ഥ) ഐ.എച്ച്.ആർ.ഡിയുടെ സ്ഥാപനമായ ഗവ.മോഡൽ എൻജിനീയറിങ് കോളേജിൽ മാർച്ചിൽ ആരംഭിക്കുന്ന സൗജന്യ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ള അപേക്ഷകർ കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ പ്രവർത്തിക്കുന്ന മോഡൽ ഫിനിഷിങ്ങ് സ്കൂളുമായി ബന്ധപ്പെടുക ഫോൺ 0484 2985252. അപേക്ഷ സമർപ്പിക്കേ അവസാന തീയത മാർച്ച് 15. സർവ്വീസ് ടെക്നീഷ്യൻ ഹോം അപ്ലയൻസസ്, യോഗ്യത: എസ്.എസ്.എൽ.സി (പാസ്), കാലാവധി 3 മാസം, പ്രായം:18–45വരെ,ഓഫീസ് അസിസ്റ്റന്റ്, യോഗ്യത:എസ്.എസ്.എൽ.സി (പാസ്), കാലാവധി 3 മാസം, പ്രായം:18–45വരെ,ഇലക്ട്രിക്കൽ ടെക്നീഷ്യൻ, യോഗ്യത എസ്.എസ്.എൽ.സി (പാസ്), കാലാവധി 2 മാസം, പ്രായം:18–45വരെ,ഡി.ഏ.എസ് സെറ്റ് ടോപ്പ് ബോക്സ്, യോഗ്യത എസ്.എസ്.എൽ.സി (പാസ്), കാലാവധി 2 മാസം, പ്രായം:18–45 വരെ,ജൂനിയർ സോഫ്റ്റ് വെയർ ഡവലപ്പർ, യോഗ്യത എസ്.എസ്.എൽ.സി (പാസ്), കാലാവധി 3 മാസം, പ്രായം:18–45 വരെ എന്നിവയാണ് കോഴ്സുകൾ.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രിയിലെ സെക്യൂരിറ്റി ജോലികൾ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ ചെയ്യുന്നതിനായി വിമുക്ത ഭടന്മാരുടെ അംഗീകൃത ഏജൻസികളിൽ നിന്നും ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡറുകൾ സൂപ്രണ്ട്, ജനറൽ ആശുപത്രി, എറണാകുളം എന്ന വിലാസത്തിൽ മാർച്ച് 27നകം ലഭിക്കണം. കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ അറിയാം.

# പ്രൈം വോളിബോൾ ലീഗ്: ദീർഘകാല പങ്കാളിത്തത്തിന് എഫ്ഐവിബി



**കൊച്ചി:** റുപേ പ്രൈം വോളിബോൾ ലീഗുമായി ദീർഘകാല പങ്കാളിത്തം നിലനിർത്തുമെന്ന് ഫെഡറേഷൻ ഇന്റർനാഷണൽ ഡി വോളിബാൾ (എഫ്ഐവിബി) ജനറൽ ഡയറക്ടർ ഫാബിയോ അസെവേദോ. റുപേ പ്രൈം വോളിബോൾ ലീഗിലെ ആവേശകരമായ പുതിയ ഘടന ലോകമാകെ കാണുകയാണെന്നും, തുടർച്ചയായി രണ്ട് വർഷം ഇന്ത്യ വോളിബോൾ ലോകകപ്പ് ചാമ്പ്യൻഷിപ്പിന് ആതിഥേയത്വം വഹിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ടെന്നും കൊച്ചിയിൽ നടത്തിയ വാർത്താസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു. ഇന്ത്യയിലെ പ്രതിഭകളുടെ പ്രകടനം അതിശയകരമാണ്. വരും വർഷങ്ങളിൽ ലീഗ് കൂടുതൽ വളരുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. പ്രൈം വോളിബോൾ ലീഗിനെ ലോകമാകെ വീക്ഷിക്കുന്നുണ്ട്. ഈ സംവിധാനത്തെ സഹായിക്കാൻ ഇന്ത്യൻ ദേശീയ ടീമിൽ നിക്ഷേപം നടത്താൻ ഞങ്ങൾ എഫ്ഐവിബി ആഗ്രഹിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. റുപേ പ്രൈം വോളിബോൾ ലീഗിന്റെ രണ്ടാം സീസൺ വോളിബോൾ ലോകത്ത് തത്സമയം സംപ്രേക്ഷണം ചെയ്തതോടെ ഇന്ത്യൻ വോളിബോൾ താരങ്ങൾക്ക് തങ്ങളുടെ കഴിവുകൾ ആദ്യമായി ലോകമെമ്പാടും പ്രദർശിപ്പിക്കാനുള്ള അവസരമാണ് കിട്ടിയതെന്ന് വോളിബോൾ വേൾഡ് സിഇഒ ഫിൻ ടെയ്ലർ പറഞ്ഞു. വോളിബോൾ ലീഗിന് മികച്ച പ്രതികരണമാണ് ഞങ്ങൾ പ്ലാറ്റ്ഫോമിൽ കണ്ടത്. സൂപ്പർ സെർവുകളും സൂപ്പർ പോയിന്റുകളും ഉൾപ്പെട്ട ആവേശകരമായ 15 പോയിന്റ് ഘടന ലോകമെമ്പാടുമുള്ള വോളിബോൾ കാഴ്ചക്കാരുടെ ഭാവനയെ പിടിച്ചെടുക്കുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. വോളിബോൾ ക്ലബ് ലോക ചാമ്പ്യൻഷിപ്പ് ഇന്ത്യയിൽ നടക്കാനിരിക്കെ ലോകമെമ്പാടുമുള്ള വോളിബോൾ ആരാധകർക്ക് മികച്ച വോളിബോൾ പോരാട്ടങ്ങൾക്ക് സാക്ഷ്യം വഹിക്കാനുള്ള അവസരം ഞങ്ങൾ വാഗ്ദാനം ചെയ്യുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പ്രൈം വോളിബോൾ ലീഗിനോടും കളിക്കാരോടുമുള്ള ആഗോള വോളിബോൾ ബോഡിയുടെ പ്രതികരണം കാണുന്നതിൽ സന്തോഷമുണ്ടെന്ന് റുപേ പ്രൈം വോളിബോൾ ലീഗിന്റെ കോപ്രൊമോട്ടറുമായ തുഹിൻ മിശ്ര പറഞ്ഞു ബ്രസീൽ, ഇറാൻ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള മുൻനിര ടീമുകളുമായി നമ്മുടെ ഇന്ത്യൻ കളിക്കാർ മത്സരിക്കുന്നത് ആവേശകരമായ അനുഭവമായിരിക്കുമെന്ന് ലീഗ് സിഇഒ ജോയ് ഭട്ടാചാര്യ പറഞ്ഞു.

# ഡോക്ടറെ ആക്രമിച്ച സംഭവം: നടപടി ആവശ്യപെട്ട് കാർഡിയോളജി അസോസിയേഷനുകൾ

**കോഴിക്കോട്:** കോഴിക്കോട് ഫാത്തിമ ഹോസ്പിറ്റലിൽ സീനിയർ കാർഡിയോളജിസ്റ്റ് ഡോ. പി.കെ.അശോകനെ രോഗിയുടെ ബന്ധുക്കൾ മർദ്ദിച്ച സംഭവത്തിൽ കാർഡിയോളജി സൊസൈറ്റി ഓഫ് ഇന്ത്യ കേരള ചാപ്റ്ററും (സി.എസ് ഐ .കെ) ഇന്റർവെൻഷണൽ കാർഡിയോളജി കൗൺസിൽ ഓഫ് കേരളയും (ഐ.സി.സി.കെ) പ്രതിഷേധിച്ചു.ആശുപത്രികൾക്കും ഡോക്ടർമാർക്കും നേരെ തുടർച്ചയായി അക്രമങ്ങൾ നടക്കുകയാണ്. കുറ്റവാളികളെ അറസ്റ്റ് ചെയ്യുന്നതിനും കർശന നടപടി സ്വീകരിക്കുന്നതിനും അമിതമായ കാലതാമസം ഉണ്ടാകുന്നത് ആശങ്കാവഹമാണെന്ന് സിഎസ്ഐ കേരള ചാപ്റ്റർ പ്രസിഡന്റ് ഡോ.പ്രഭാ നിനി ഗുപ്ത പറഞ്ഞു.ആശുപത്രിയിൽ അതിക്രമം കാണിച്ചവർക്കെതിരെ മൊഴി നൽകാൻ ഇറങ്ങിയ ഡോക്ടറെ രോഗിയുടെ ബന്ധുക്കൾ ക്രൂരമായി മർദ്ധിക്കുകയായിരുന്നു. അക്രമത്തിനിരയായ ഡോക്ടറെ ഐസിയുവിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ഇതുവരെ പോലീസ് നടപടി എടുത്തിട്ടില്ലെന്ന് സി.എസ്.ഐ.കെയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി ചൂണ്ടിക്കാട്ടി.ഡോക്ടറെയും, ആശുപത്രിയും ആക്രമിക്കൽ, മെഡിക്കൽ ഡ്യൂട്ടി തടസ്സപ്പെടുത്തൽ തുടങ്ങിയ കുറ്റങ്ങൾക്ക് പുറമെ, കേരള ഹെൽത്ത് കെയർ സർവീസ് പേഴ്സൺസ് ആൻഡ് ഹെൽത്ത് കെയർ സർവീസ് സ്ഥാപനങ്ങൾ (അക്രമം, സ്വത്ത് നാശം എന്നിവ തടയൽ) ആക്ട്, 2012 പ്രകാരം ജാമ്യമില്ലാത്തതും ശിക്ഷാർഹവുമായ കുറ്റങ്ങളാണിവ.ആരോഗ്യ പ്രവർത്തകരെ സംരക്ഷിക്കാനുള്ള നിയമങ്ങൾ സർക്കാർ കർശനമായി നടപ്പാക്കണമെന്ന് സി.എസ്. ഐ കേരള ചാപ്റ്റർ സെക്രട്ടറി ഡോ.സ്റ്റിജി ജോസഫ് പറഞ്ഞു.ഐ.സി.സി കെ യുടെ സ്ഥാപക സെക്രട്ടറി കൂടിയാണ് ഡോ. അശോകൻ. അധികാരികൾ നിഷ്ക്രിയത്വം തുടരുകയും, വർദ്ധിച്ചുവരുന്ന ഈ ആക്രമണങ്ങൾ തടയുന്നതിൽ പരാജയപ്പെടുകയും ചെയ്താൽ, നീതി ലഭിക്കുന്നതിനായി മറ്റ് അസോസിയേഷനുകൾക്കൊപ്പം ഐസിസികെ സമര പരിപാടികളുമായി മുന്നോട്ട് പോകുമെന്ന് ഐ.സി.സി കെ പ്രസിഡന്റ് ഡോക്ടർ പ്രതാപ് കുമാർ, സെക്രട്ടറി ഡോ. സി.ഡി.രാമകൃഷ്ണ എന്നിവർ വാർത്താകുറിപ്പിൽ പറഞ്ഞു.2022ൽ മെഡിക്കൽ പ്രൊഫഷണലുകൾക്കെതിരെ 137 കേസുകൾ റിപ്പോർട്ട് ചെയ്തപ്പോൾ ഇത്തരം ആക്രമണങ്ങൾ തടയുന്നതിനും സുരക്ഷ ഉറപ്പാക്കാനും എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് കേരള ഹൈക്കോടതി ചോദിച്ചിരുന്നു. അടുത്തിടെ ഡോക്ടർക്കെതിരായ ആക്രമണത്തിൽ മുൻകൂർ ജാമ്യം നിഷേധിച്ച ഹൈക്കോടതി, രോഗികളെ ചികിത്സിക്കാൻ ബാധ്യസ്ഥരായ ഡോക്ടർമാർക്ക് സംരക്ഷണം നൽകിയില്ലെങ്കിൽ പൊതുജനാരോഗ്യ സംരക്ഷണം അപകടത്തിലാകുമെന്ന് നിരീക്ഷിച്ചിരുന്നു.

# ’ഇമാക് ’ സൈലന്റ് ഹീറോസ് അവാർഡ്; നാലാം പതിപ്പ് പ്രഖ്യാപിച്ചു

**കൊച്ചി :** കേരളത്തിലെ ഇവന്റ് മാനേജർമാരുടെ സംഘടനയായ ’ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ ഓഫ് കേരള (ഇമാക്) സൈലന്റ് ഹീറോസ് അവാർഡുകളുടെ നാലാമത് പതിപ്പ് പ്രഖ്യാപിച്ചു. കേരളത്തിലുടനീളമുള്ള ഇവന്റ് മാനേജർമാരുടെ സുസ്ഥിര സേവനങ്ങളെ തിരിച്ചറിയുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ഇമാക് അവരുടെ പാർട്നേഴ്സിനായി അവാർഡ്സ് നൽകുന്നത്. മാർച്ച് 29ന് ഗ്രാൻഡ് ഹയാത്ത് കൊച്ചി ബോൾഗാട്ടിയിൽ വച്ച് അവാർഡുകൾ വിതരണം ചെയ്യും.ഇവന്റ് ഡെക്കോർ ആൻഡ് പ്രൊഡക്ഷൻ, ടെക്നിക്കൽ സപ്പോർട്ട്, ഇവി സൊല്യൂഷൻസ്, എന്റർടൈൻമെന്റ് ഡിസൈൻ, വെന്യു ആൻഡ് കാറ്ററിംഗ് സൊല്യൂഷൻസ്, പേഴ്സണലൈസ്ഡ് സൊല്യൂഷൻസ് എന്നിങ്ങനെ 5 തലങ്ങളിലായി 55 വിഭാഗങ്ങൾ ഉൾക്കൊള്ളുന്ന സ്വർണം, വെള്ളി, വെങ്കല മെഡലുകൾ 2023ലെ സൈലന്റ് ഹീറോസ് അവാർഡ് ജേതാക്കൾക്ക് സമ്മാനിക്കും. 2020 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെ നടന്ന ഇവന്റുകളുടെയും വിവാഹങ്ങളുടെയും എൻട്രികളും സ്വീകരിക്കും. വിവിധ വിഭാഗങ്ങളിലേക്ക് നോമിനേഷനുകൾ സ്വീകരിക്കുവാൻ ആരംഭിച്ചു. താൽപ്പര്യമുള്ളവർക്ക് ’ഇമാക് ’വെബ്സൈറ്റിൽ മാർച്ച് 10 വരെ അപേക്ഷിക്കാം. വെബ്സൈറ്റ് : https://emaksilentheroes.com/register/ കേരളത്തിലെ ഇവന്റ് മാനേജ്മെന്റ് മേഖലയിലെ ശ്രദ്ധേയമായ നേട്ടങ്ങൾ ആഘോഷിക്കുവാൻ സാധിക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് . ഇവന്റ് മാനേജ്മെന്റ് മേഖലയിലെ വിശിഷ്ട വ്യക്തികളും പ്രൊഫഷണലുകളും ഒത്തുചേരുന്നതിനാൽ ഈ വർഷത്തെ അവാർഡ് നിശ കൂടുതൽ മികവുറ്റതാവുമെന്ന് ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ ഓഫ് കേരള പ്രസിഡന്റ് രാജു കണ്ണമ്പുഴ പറഞ്ഞു.കേരളത്തിലെ വിവിധ ഇവന്റ് മാനേജ്മെന്റ് ഏജൻസികളെ ഒരൊറ്റ പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവരികയും അതുവഴി ഇവന്റ് മാനേജ്മെന്റ് ഏജൻസികളുടെ ഏക പ്രതിനിധി സംഘടനയായി മാറുകയും ചെയ്യുക എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെയാണ് 2009 ജൂലൈ 01 ന് ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ കേരള ’ഇമാക് ’രൂപീകരിച്ചത്. ഇവന്റ് ആൻഡ് എന്റർടൈൻമെന്റ് മാനേജ്മെന്റ് അസോസിയേഷനുമായി ’ഇമാക് ’ ന് അഫിലിയേഷൻ ഉണ്ട്.ഇവന്റുകളിലും മറ്റ് അനുബന്ധ വ്യവസായങ്ങളിലുമുള്ള പ്രഫഷണലുകൾക്ക് മികച്ച നെറ്റ്വർക്കിങ് സാധ്യതയാണ് പരിപാടി തുറന്നിടുന്നത്. ബി റ്റു ബി എക്സ്പോ, വിവിധ തരം സെഷനുകൾ, മുഖ്യപ്രഭാഷണങ്ങൾ, പാനൽ ചർച്ചകൾ, അവാർഡുകൾ, വിനോദപരിപാടികൾ എന്നിവ പ്രോഗ്രാമിൽ നടക്കുമെന്നും അദ്ദേഹം പറഞ്ഞു.

# മികച്ച തൊഴിലിടങ്ങളുടെ പട്ടികയിൽ ഇടംപിടിച്ച് ക്വസ്റ്റ് ഗ്ലോബൽ

**കൊച്ചി:** ആഗോള തലത്തിൽ അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന എൻജിനീയറിങ് സേവന കമ്പനിയായ ക്വസ്റ്റ് ഗ്ലോബൽ രാജ്യത്തെ മികച്ച തൊഴിലിടങ്ങളുടെ പട്ടികയിൽ ഇടംപിടിച്ചതായി ക്വസ്റ്റ് ഗ്ലോബലിന്റെ ചീഫ് പീപ്പിൾ ഓഫീസർ കോളിൻ ഡോഹെർട്ടി പറഞ്ഞു. തുടർച്ചയായ രണ്ടാം തവണയാണ് കമ്പനിക്ക് ഇത്തരത്തിലൊരു അംഗീകാരം ലഭിക്കുന്നത്. 2022 ജനുവരിയിലാണ് ക്വസ്റ്റ് ഗ്ലോബലിന് അവസാനമായി ഈ അംഗീകാരം ലഭിച്ചത്.വിശ്വാസ്യത, ബഹുമാനം, നീതി, അഭിമാനം, സൗഹൃദം തുടങ്ങി ട്രസ്റ്റ് ഇൻഡക്സ് സർവേയുടെ അഞ്ച് നിർണായക മാനങ്ങളിൽ ക്വസ്റ്റ് ഗ്ലോബൽ മികച്ച പ്രകടനം കാഴ്ചവച്ചു. ഉയർന്ന വിശ്വാസവും മികച്ച പ്രകടനവും പ്രോത്സാഹിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും കമ്പനി പ്രതിജ്ഞാബദ്ധമാണ്. ഗ്രേറ്റ് പ്ലേസ് ടു വർക്ക് അജ്ഞാതമായി കമ്പനിയിലുടനീളം നടത്തിയ വിലയിരുത്തലിലെ വിജയകരമായ പങ്കാളിത്തവും വിശ്വാസ വോട്ടും ഇന്ത്യയിലെ കമ്പനിയുടെ മികച്ച പ്രവർത്തനങ്ങളെ അടിവരയിടുന്നതിന് സഹായിച്ചുവെന്നും കോളിൻ ഡോഹെർട്ടി വ്യക്തമാക്കി.ഗ്രേറ്റ് പ്ലെയ്സ് ടു വർക്ക് സർട്ടിഫിക്കേഷൻ ശരിക്കും അഭിമാനകരമായ വികാരമാണെന്നും കോളിൻ ഡോഹെർട്ടി പറഞ്ഞു.25 വർഷത്തിലേറെയായി ഞങ്ങൾ വളർത്തിയെടുക്കുകയും തുടർന്നുപോരുകയും ചെയ്യുന്ന ഒരു തൊഴിൽ സംസ്കാരത്തെയാണ് ഇത് തുറന്ന് കാണിക്കുന്നതെന്നും കോളിൻ ഡോഹെർട്ടി പറഞ്ഞു.ഓരോരുത്തരും സംഭാവന ചെയ്യുന്നതും അഭിമാനിക്കാവുന്നതുമായ ഒരു തൊഴിൽ അന്തരീക്ഷമാണ് ഞങ്ങളുടേത്. എല്ലാ ജീവനക്കാരുടെയും ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവയ്ക്ക് മുൻഗണന നൽകാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. മാറിക്കൊണ്ടിരിക്കുന്ന തൊഴിൽ സംസ്കാരത്തിൽ വൈവിധ്യങ്ങളെ ഉൾക്കൊള്ളുന്നതിനുള്ള ഞങ്ങളുടെ നിരന്തര ശ്രമങ്ങളെ അംഗീകരിക്കുന്ന സുപ്രധാന ചുവടുവയ്പ്പാണ് ഈ നേട്ടം. ഗ്രേറ്റ് പ്ലേസ് ടു വർക്ക് സർട്ടിഫിക്കേഷൻ എന്നത് ലോകമെമ്പാടുമുള്ള കമ്പനികൾ സ്വന്തമാക്കാൻ ആഗ്രഹിക്കുന്ന മാനദണ്ഡമാണ്. ഉയർന്ന വിശ്വാസവും ഉയർന്ന പ്രകടനവും ഉള്ള ഒരു സംസ്കാരം കെട്ടിപ്പടുക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള സ്ഥാപനത്തിന്റെ നിരന്തരമായ ശ്രമങ്ങളുടെ സാക്ഷ്യമാണ് ഈ അംഗീകാരമെന്നും കോളിൻ അഭിപ്രായപ്പെട്ടു.

# ടാറ്റ മോട്ടേഴ്സ് അഞ്ച് മില്യൺ ക്ലബിൽ




**കൊച്ചി:** ഇന്ത്യയിലെ മുൻനിര വാഹന നിർമ്മാതാക്കളായ ടാറ്റ മോട്ടേഴ്സ് യാത്രാ വാഹനങ്ങളുടെ (പാസഞ്ചർ വെഹിക്കിൾ) ഉൽപ്പാദനത്തിൽ അഞ്ച് മില്യൺ യൂണിറ്റുകളെന്ന നാഴികക്കല്ല് പിന്നിട്ടതായി കമ്പനി അധികൃതർ വ്യക്തമാക്കി.ന്യൂ ഫോർ എവർ റേഞ്ച് കാറുകളും എസ് യുവികളുമടക്കമാണ് 50 ലക്ഷമെന്ന നേട്ടത്തിൽ ടാറ്റ മോട്ടോഴ്സ് എത്തിയത്.അഞ്ച് ദശലക്ഷം ഉൽപ്പാദനമെന്ന നാഴികക്കല്ല് ആഘോഷിക്കുന്നതിനായി, ടാറ്റ മോട്ടോഴ്സ് ഇന്ത്യയിലെ ഉപഭോക്താക്കൾക്കും ജീവനക്കാർക്കുമായി ഒരു ആഘോഷ പ്രചാരണം നടത്തും. ക്യാംപെയിനിലൂടെയും, ടാറ്റ മോട്ടോഴ്സ് അതിൻറെ ഡീലർഷിപ്പുകളും സെയിൽസ് ഔട്ട്ലെറ്റുകളും ബ്രാൻഡഡ് വസ്ത്രങ്ങളും മറ്റ് ഡെക്ക് അപ്പുകളും ഒപ്പോടുകൂടിയ സ്മരണികയും ഉപയോഗിച്ച് നാഴികക്കല്ല് അടയാളപ്പെടുത്തും. കമ്പനി അതിന്റെ ഉത്പാദന സ്ഥലങ്ങളിലും പ്രാദേശിക ഓഫീസുകളിലും ഒരു മാസം നീണ്ടുനിൽക്കുന്ന ആഘോഷങ്ങൾ സംഘടിപ്പിക്കും.ടാറ്റ മോട്ടോഴ്സ് 2004ൽ ഒരു ദശലക്ഷം ഉൽപ്പാദനമെന്ന നേട്ടം സ്വന്തമാക്കിയിരുന്നു. 2010ൽ രണ്ടാമതും ദശലക്ഷം കടന്നു. 2015ൽ 3 ദശലക്ഷത്തിലെത്തി, 2020ൽ 4 ദശലക്ഷം കാറുകളും പുറത്തിറക്കി. ആഗോള ഓട്ടോമോട്ടീവ് വ്യവസായത്തെ ബാധിച്ച കോവിഡ് 19, സെമികണ്ടക്ടർ ക്ഷാമം എന്നിവയ്ക്കിടയിലും മൂന്ന് വർഷത്തിനുള്ളിൽ 4 ദശലക്ഷം കാറുകളിൽ നിന്ന് 5 ദശലക്ഷത്തിലേക്ക് മുന്നേറാൻ ടാറ്റ മോട്ടോഴ്സിന് കഴിഞ്ഞു. 1998 മുതൽ, ടാറ്റ മോട്ടോഴ്സ് ചില ഐക്കണിക് ബ്രാൻഡുകൾ അവതരിപ്പിച്ചു, അവ കാലത്തിൻറെ വേലിയേറ്റത്തിൽ നിലകൊള്ളുകയും സാമ്പത്തിക ഉദാരവൽക്കരണാനന്തര കാലഘട്ടത്തിൽ മോട്ടോറിംഗ് ലാൻഡ്സ്കേപ്പ് രൂപപ്പെടുത്തുന്നതിൽ അവിഭാജ്യ പങ്ക് വഹിക്കുകയും ഇന്ത്യയിലുടനീളമുള്ള നിരവധി വീടുകളിൽ ഇപ്പോഴും ജനപ്രിയവുമാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ഡോ. ഹസൻ മുഹമ്മദ് മേദർ മൻസിലിന് 'പ്രൈഡ് ഓഫ് കേരള' പുരസ്കാരം




**കൊച്ചിയിൽ നടന്ന ചടങ്ങിൽ കേന്ദ്ര ഗ്രാമ വികസന, ഉരുക്ക് സഹമന്ത്രി ഫഗൻ സിംഗ് കുലസ്തെ വ്യവസായി ഡോ. ഹസൻ മുഹമ്മദ് മേദർ മൻസിലിന് 'പ്രൈഡ് ഓഫ് കേരള' പുരസ്കാരം സമ്മാനിക്കുന്നു**

**കൊച്ചി:** പ്രമുഖ വ്യവസായിയും ജീവകാരുണ്യ പ്രവർത്തകനുമായ ഡോ. ഹസൻ മുഹമ്മദ് മേദർ മൻസിലിന് 'പ്രൈഡ് ഓഫ് കേരള' പുരസ്കാരം സമ്മാനിച്ചു. കൊച്ചി ഗ്രാൻഡ് ഹയാത് ഹോട്ടലിൽ നടന്ന ചടങ്ങിൽ കേന്ദ്ര ഗ്രാമ വികസന, ഉരുക്ക് സഹമന്ത്രി ഫഗൻ സിംഗ് കുലസ്തെ പുരസ്കാരം സമർപ്പിച്ചു. നിർമാണ മേഖലയിലെ പ്രമുഖരായ യുആർക് കോൺട്രാക്ടിങ് കമ്പനിയുടെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമാണ് ഡോ. ഹസൻ. പ്രൈഡ് ഓഫ് കേരള 2023 പുരസ്കാരങ്ങളുടെ ഭാഗമായ 'ബെസ്റ്റ് പ്രൊജക്റ്റ് ഗവർണൻസ്' അവാർഡിനാണ് അദ്ദേഹം അർഹനായത്.മലയാളി സമൂഹത്തിൽ മാറ്റം കൊണ്ടുവന്ന വിവിധ മേഖലകളിലെ പ്രമുഖരെ ആദരിക്കുന്നതിനാണ് പ്രൈഡ് ഓഫ് കേരളാ അവാർഡ്സ് സമിതി പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്.ഹതൻ അൽ ഖലീജ്, എച്ച്എം ട്രേഡിങ്ങ്, യുആർക് കോണ്ട്രാക്റ്റിംഗ് എന്നീ സ്ഥാപനങ്ങളുടെ മേധാവിയായ ഹസൻ ഇന്ത്യക്ക് പുറമേ സൗദി അറേബ്യ, ബഹ്റൈൻ, യുഎഇ എന്നിവിടങ്ങളിലും ശ്രദ്ധേയനായ സംരംഭകനാണ്. സർക്കാരുകൾ, ട്രസ്റ്റുകൾ, എൻജിഓകൾ തുടങ്ങിയവരുമായി സഹകരിച്ചും സ്വന്തം നിലക്കും അദ്ദേഹം നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു.ബിസിനസ്, കരാർ മേഖലകളിൽ 25 വർഷത്തിലധികം അനുഭവ സമ്പത്തുള്ള ഡോ. ഹസൻ സേവനം, ഗവേഷണം, ഉൽപാദനം, വിപണനം തുടങ്ങി രംഗങ്ങളിൽ നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുണ്ട്.

# 401 രൂപയ്ക്ക് പുതിയ പോസ്റ്റ്പെയ്ഡ് പ്ലാൻ അവതരിപ്പിച്ച് 'വി'

**കൊച്ചി:** ഒരു വർഷത്തെ സൺ നെക്സ്റ്റ് പ്രീമിയം എച്ച്ഡി സബ്സ്ക്രിപ്ഷനോടുകൂടിയ 401 രൂപയുടെ പുതിയ പോസ്റ്റ്പെയ്ഡ് പ്ലാൻ 'വി ' അവതരിപ്പിച്ചു. ഈ പങ്കാളിത്തം വഴി വി ഉപഭോക്താക്കൾക്ക് ഒരു വർഷത്തേക്ക് അധിക ചെലവില്ലാതെ സൺ നെക്സ്റ്റിന്റെ പ്രീമിയം എച്ച്ഡി സബ്സ്ക്രിപ്ഷൻ ഇരട്ട സ്ക്രീനിൽ (മൊബൈലും ടിവിയും) ഉപയോഗിക്കാമെന്ന് വോഡഫോൺ ഐഡിയ ചീഫ് മാർക്കറ്റിങ് ഓഫിസർ അവനീഷ് ഖോസ്ല പറഞ്ഞു.പുതിയ 401 രൂപയുടെ പോസ്റ്റ് പെയ്ഡ് പ്ലാനുമായി വി ഉപഭോക്താക്കൾക്ക് മലയാളം, തമിഴ്, തെലുങ്ക്, കന്നഡ ഭാഷകളിലെ പ്രിയപ്പെട്ട സിനിമകളും ടിവി ഷോകളും മ്യൂസിക് വീഡിയോകളും ഏതു സമയത്തും എവിടെ നിന്നും തങ്ങളുടെ മൊബൈൽ ഫോണിലോ ടിവി സെറ്റിലോ കാണാം. മികച്ച ഉള്ളടക്കത്തിനായുള്ള ഉയർന്നു കൊണ്ടിരിക്കുന്ന ആവശ്യം ഈ മേഖലയിലെ ഏറ്റവും മികച്ചവരുമായുള്ള പങ്കാളിത്തത്തോടെ തങ്ങൾ നിറവേറ്റുമെന്നും അവനീഷ് ഖോസ്ല പറഞ്ഞു.

# വായ്പാ വിപണിയിൽ വനിതകളുടെ പങ്കാളിത്തം ഏറുന്നതായി ട്രാൻസ് യൂണിയൻ സിബിൽ റിപ്പോർട്ട്

**കൊച്ചി:** വായ്പാ രംഗത്ത് സജീവമായ വനിതകളുടെ കാര്യത്തിൽ കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ 15 ശതമാനം സംയോജിത വാർഷിക വളർച്ചയുണ്ടായതായി ട്രാൻസ് യൂണിയൻ സിബിൽ റിപ്പോർട്ട്. 2017ൽ വനിതാ വായ്പാ ഉപഭോക്താക്കൾ 25 ശതമാനമായിരുന്നത് 2022ൽ 28 ശതമാനമായി വളർന്നിട്ടുണ്ട്. രാജ്യത്തെ 454 ദശലക്ഷം വരുന്ന വനിതകളിൽ വെറും 63 ദശലക്ഷം പേർ മാത്രമാണ് വായ്പാ രംഗത്തു സജീവമായുള്ളത്.എല്ലാ പ്രായത്തിലും, വിവിധ സാമ്പത്തിക, സാമൂഹിക സാഹചര്യങ്ങളിൽ ഉള്ളതുമായ വനിതകൾക്കായുള്ള പ്രത്യേകമായ പദ്ധതികൾ അവരുടെ സാമ്പത്തിക ലക്ഷ്യങ്ങൾ നിറവേറ്റാൻ അവരെ കൂടുതൽ ശാക്തീകരിക്കുന്നതിനോടൊപ്പം ഈ രംഗത്തു വളർച്ച നേടാൻ വായ്പാ സ്ഥാപനങ്ങളെ സഹായിക്കുമെന്ന് ട്രാൻസ് യൂണിയൻ സിബിൽ ചീഫ് ഓപറേറ്റിങ് ഓഫീസർ ഹർഷല ചന്ദോർകർ പറഞ്ഞു. 57 ശതമാനത്തോളം വനിതകൾക്കും പ്രൈം എന്ന മികച്ച നിരക്കിലുള്ള വായ്പാ സ്കോർ ആണുള്ളതെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. പുരുഷൻമാരിൽ ഇത് 51 ശതമാനമാണ്. ഗ്രാമങ്ങളിലും ചെറു പട്ടണങ്ങളിലും വനിതാ വായ്പാ ഉപഭോക്താക്കളുടെ തോത് വർധിക്കുകയാണ്. 18 ശതമാനം സംയോജിത വാർഷിക വളർച്ചയാണ് ഇവിടെയുള്ളതെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

# എയർടെൽ 5ജി 125 നഗരങ്ങളിൽ കൂടി അവതരിപ്പിച്ചു

**കൊച്ചി:** ടെലികോം സേവനദാതാക്കളായ ഭാരതി എയർടെൽ 125 നഗരങ്ങളിൽക്കൂടി അൾട്രാ ഫാസ്റ്റ് 5ജി സേവനങ്ങൾ അവതരിപ്പിച്ചു. കേരളത്തിൽ പൊന്നാനി, കളമശേരി, തിരൂരങ്ങാടി, വേങ്ങര, തൃപ്പൂണിത്തുറ, തിരൂർ, കൊല്ലം, എടത്തല, മൂവാറ്റുപുഴ, പാലക്കാട്, ചെറുവണ്ണൂർ, വാഴക്കാല, കായങ്കുളം എന്നിവിടങ്ങളിലും ഇനി 5ജി പ്ലസ് സേവനങ്ങൾ ലഭ്യമാണ്. ഇതോടെ രാജ്യത്ത് എയർടെൽ 5ജി പ്ലസ് സേവനം ലഭിക്കുന്ന നഗരങ്ങളുടെ എണ്ണം 265 ആയി.

# മാർച്ച് എട്ടിന് വനിതകൾക്ക് ടിക്കറ്റ് നിരക്കിൽ ഇളവുമായി കൊച്ചി മെട്രോ

## 20 രൂപയ്ക്ക് പരിധിയില്ലാതെ ഏത് ദൂരവും യാത്ര ചെയ്യാം



**കൊച്ചി:** അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് ഈ മാസം എട്ടാം തീയതി സ്ത്രീകൾക്ക് കൊച്ചി മെട്രോയിൽ കുറഞ്ഞ നിരക്കിൽ യാത്ര ചെയ്യാം. അന്നേദിവസം സ്ത്രീകൾക്ക് കൊച്ചി മെട്രോയുടെ ഏത് സ്റ്റേഷനിൽ നിന്നും ഏത് ദൂരവും എത്ര തവണ വേണമെങ്കിലും വെറും ഇരുപത് രൂപയ്ക്ക് യാത്ര ചെയ്യാം. കഴിഞ്ഞ ഒരു വർഷത്തിനിടെ ഏറ്റവുമധികം തവണ കൊച്ചി മെട്രോയിൽ യാത്ര ചെയ്ത മൂന്ന് വനിതകളെ കെഎംആർഎൽ എംഡി ലോക്നാഥ് ബെഹ്റ ഉച്ച്ക്ക് 12 മണിക്ക് കലൂർ മെട്രോ സ്റ്റേഷനിൽ വച്ച്  ആദരിക്കും. ഇതിന് പുറമേ കൊച്ചി മെട്രോയുടെ വിവിധ സ്റ്റേഷനുകളിൽ സ്ത്രീകൾക്കായി പരിപാടികളും മെഡിക്കൽ ക്യാംപുകളും കൊച്ചി മെട്രോ ഒരുക്കുന്നു. മെട്രോ യാത്രക്കാരായ സ്ത്രീകൾക്ക് അത്യാവശ്യ ഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിനായി നാല് മെട്രോ സ്റ്റേഷനുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീനുകൾ വനിതാ ദിനത്തിൽ ഉദ്ഘാടനം ചെയ്യും. ഇടപ്പള്ളി, കലൂർ, മഹാരാജാസ്, എറണാകുളം സൗത്ത് എന്നീ സ്റ്റേഷനുകളിലാണ് ഈ സേവനം ലഭിക്കുക. ഈ വെൻഡിംഗ് മെഷീനുകളിൽ നിന്ന്  സ്ത്രീകൾക്ക് സൗജന്യമായി നാപ്കിനുകൾ ലഭിക്കും. കലൂർ മെട്രോ സ്റ്റേഷനിൽ ഉച്ചക്ക് 12.15ന് കെഎംആർ എൽ എംഡി ശ്രീ. ലോക്നാഥ് ബെഹ്റ നാപ്കിൻ വെൻഡിംഗ് മെഷീനുകൾ ഉദ്ഘാടനം ചെയ്യും. നെക്സോറ അക്കാദമിയുമായി ചേർന്നാണ് കൊച്ചി മെട്രോ ഈ സൗകര്യം ഒരുക്കുക. കംപ്യൂട്ടറിന്റെ സി.പി.യു പോലുള്ള ഇലക്ട്രോണിക് വേസ്റ്റുകളും റീസൈക്കിൾ ചെയ്ത അലൂമിനിയം, പ്ലാസ്റ്റിക്ക് വേസ്റ്റുകളും ഉപയോഗിച്ച് നെക്സോറ അക്കാദമിയിലെ വിദ്യാർത്ഥികളാണ് ചെലവ് കുറഞ്ഞ നാപ്കിൻ വെൻഡിംഗ് മെഷീനുകൾ നിർമ്മിച്ചിരിക്കുന്നത്. സ്ത്രീകൾക്കായി സൗജന്യ ബോൺ ഡെൻസിറ്റി പരിശോധയും വനിതാ ദിനത്തിൽ മുട്ടം, ഇടപ്പള്ളി, എം.ജി.റോഡ്, വൈറ്റില സ്റ്റേഷനുകളിൽ ഒരുക്കിയിട്ടുണ്ട്. ക്രാഫ്റ്റ് ഫെർട്ടിലിറ്റി സെന്ററിന്റെയും മേയർ വിറ്റബയോട്ടിക്സിന്റെയും സഹകരണത്തോടെ രാവിലെ 11 മുതൽ വൈകിട്ട് 7 മണിവരെ നടക്കുന്ന മെഡിക്കൽ ക്യാംപിന്റെ ഉദ്ഘാടനം ഉച്ചക്ക് 1.15ന് കെഎംആർ എൽ എം.ഡി  ലോക്നാഥ് ബെഹ്റ നിർവ്വഹിക്കും. ഉച്ചക്ക് 2.30ന് കലൂർ മെട്രോ സ്റ്റേഷനിൽ കൊച്ചിൻ ബിസിനസ് സ്കൂളിലെ വിദ്യാർത്ഥികൾ ഫ്ലാഷ് മോബ് സംഘടിപ്പിക്കും. എറണാകുളം സൗത്ത് മെട്രോ സ്റ്റേഷനിൽ നിന്നും 2.30ന് സ്ത്രീകളുടെ ജീവിതത്തിലെ വിവിധ ഘട്ടങ്ങൾ ഉൾപ്പെടുത്തിയുള്ള ഫാഷൻ ഷോയും മൈമും ആരംഭിക്കും.

## 'സമത' വനിതാ ചിത്രകലാ ക്യാമ്പ്

**കൊച്ചി:** കേരള ലളിതകലാ അക്കാദമി സമം പദ്ധതിയിൽ ഉൾപ്പെടുത്തി വനിതാദിനത്തോട് അനുബന്ധിച്ച് 2023 മാർച്ച് 08 മുതൽ 12 വരെ സമകാലീന ചിത്രകാരികളുടെ 'സമത' വനിതാ ചിത്രകലാ ക്യാമ്പ് സംഘടിപ്പിക്കുന്നു. കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നുള്ള 17 ചിത്രകാരികൾ പങ്കെടുക്കുന്ന ക്യാമ്പ് കാസർഗോഡ് ജില്ലയിലെ ഡി റ്റി പി സിയുടെ റാണിപുരം റിസോർട്ടിൽ വച്ചാണ് സംഘടിപ്പിക്കുന്നത്. മാർച്ച് 09 ന് രാവിലെ 10 മണിക്ക് അക്കാദമി ചെയർപേഴ്സൺമുരളിചീരോത്ത് അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ക്യാമ്പിന്റെ ഉദ്ഘാടനം മുൻ ആരോഗ്യ വകുപ്പ് മന്ത്രി പി.കെ. ശ്രീമതി ടീച്ചർ നിർവ്വഹിക്കും. പനത്തടി പഞ്ചായത്ത് പ്രസിഡന്റ് പ്രസന്ന പ്രസാദ് മുഖ്യാതിഥി ആയിരിക്കും. പനത്തടി പഞ്ചായത്ത് 8ാം വാർഡ് മെമ്പർ ബിജു ആശംസകൾ അർപ്പിക്കും. അക്കാദമി സെക്രട്ടറി എൻ. ബാലമുരളീകൃഷ്ണൻ സ്വാഗതവും നിർവ്വാഹക സമിതി അംഗം ലേഖ നാരായണൻ നന്ദിയും പറയും. മാർച്ച് 9ന് വൈകിട്ട് 5 മണിക്ക് ഗായത്രി വർഷയുടെയും 10ന് വൈകിട്ട് 5 മണിക്ക് രാധാ ഗോമതിയുടെയും പ്രഭാഷണം ഉണ്ടായിരിക്കും. അഞ്ജു പിള്ള, ബബിത കടന്നപ്പള്ളി, ബബിത രാജീവ്, ബിജിമോൾ കെ.സി, ദീപ കെ, ഹർഷ വൽസൻ സി, മനീഷ മുറുവശ്ശേരി, മറിയം ജാസ്മിൻ, നിജീന നീലാംബരൻ, നിഷ രവീന്ദ്രൻ,രാധാ ഗോമതി, സജിത ശങ്കർ, സി. ശാന്ത, സിതാര കെ.വി, ശ്രീജ പള്ളം, ശ്രുതി എസ്. കുമാർ, വിക്ടോറിയ എ.എം എന്നിവർ ക്യാമ്പിൽ പങ്കെടുക്കും. ക്യാമ്പ് മാർച്ച് 12ന് സമാപിക്കുമെന്ന് സെക്രട്ടറി എൻ. ബാലമുരളീകൃഷ്ണൻ അറിയിച്ചു.

# ഖവാലിയിൽ ലയിച്ച് ബിനാലെ പവിലിയൻ; നാളെ വനിത ഡോക്യുമെന്ററി ഫെസ്റ്റിവൽ




**കൊച്ചി:** ഫോർട്ട്കൊച്ചി കബ്രാൾയാർഡ് ബിനാലെ പവിലിയനിൽ തിങ്ങി നിറഞ്ഞ ആസ്വാദകരെ ഖവാലിയുടെ നിർവൃതിയിൽ ലയിപ്പിച്ച് മെഹ്ഫിൽ എ സമായുടെ സംഗീത വിരുന്ന്. രണ്ടുമണിക്കൂർ നീണ്ട സംഗീതാവതരണത്തിൽ ഉറുദു, പാഴ്സി, പഞ്ചാബി ഖവ്വാലികൾ പെയ്തിറങ്ങി.ഡൽഹി ആസ്ഥാനമായ  മെഹ്ഫിൽ എ സമാ സംഗീതബാൻഡിലെ 12 പേരും മലയാളികളാണ്. ഉസ്താദ് ഫാറൂഖ് അലി ചാന്ദിന്റെ ശിഷ്യനും ഗായകനുമായ ഇർഫാൻ എരുത്ത്, പണ്ഡിറ്റ് ഗൗരവ് മജുംദാറിന്റെ ശിഷ്യൻ ഹാർമോണിയമിസ്റ്റ് ജാവേദ് അസ്‌ലം എന്നിവർ നേതൃത്വം നൽകുന്ന സംഗീത കൂട്ടായ്മയിൽ നൗബ, വഫ, മിന എന്നീ ഗായികമാരും ഉൾപ്പെടുന്നു.ബിനാലെ വേദിയുടെ മാത്രം പ്രത്യേകതയായ ദേശ,ഭാഷ അതിരുകളില്ലാത്ത ആസ്വാദകർ തികഞ്ഞ സംതൃപ്തി പകരുന്നതായെന്നു നിലമ്പൂർ സ്വദേശിയായ ഇർഫാൻ എരുത്ത് പറഞ്ഞു. സദസിലെ ആവശ്യപ്രകാരം രാജസ്ഥാനി നാടോടി ഗാനവും അവതരിപ്പിച്ച മെഹ്ഫിൽ എ സമായ്ക്ക് ഫ്രാൻസ് ഫെസ്റ്റിവലിൽ അവതരിപ്പിക്കുന്നതിന് എൻക്വയറി ഇവിടെ വച്ച് ലഭിച്ചിട്ടുണ്ട്.ജോലിയും പഠനവുമായി ഡൽഹിയിൽ എത്തിയ സംഘാംഗങ്ങൾ 2016 മുതലാണ് ബാൻഡുമായി പരിപാടികൾ അവതരിപ്പിച്ചു തുടങ്ങിയത്. ഇതിനകം ഇന്ത്യയിലും വിദേശത്തുമായി മുന്നൂറിലേറെ വേദികൾ പിന്നിട്ടുകഴിഞ്ഞു.വനിതാദിനം പ്രമാണിച്ച് നാളെയും മറ്റെന്നാളും ബിനാലെ പവിലിയനിൽ വനിത ഡോക്യുമെന്ററികൾ പ്രദർശിപ്പിക്കും. നാളെ 'പ്ലെയേഴ്സ്', 'ഔർ ഒഡീസി ഈസ് റെഡ്'മറ്റെന്നാൾ 'എത്തോസ് ഓഫ് ഡാർക്നെസ്സ്', 'സോ ഹെഡാൻ സോ ഹെഡാൻ' എന്നിവയാണ് വൈകിട്ട് ആറിനും 7.30നുമായി പ്രദർശിപ്പിക്കുന്നത്.  ഇന്ന് വൈകിട്ട് 7.30നു പവിലിയനിൽ ആർട്ടിസ്റ്റ്സ് സിനിമ വിഭാഗത്തിൽ 'ഹൗ ഡു ഐ ഷോ ദി ഓഷ്യൻ സ്പേസ് യൂ ക്യാരീഡ് ഇൻസൈഡ് യൂ?'  എന്ന സിനിമ പ്രദർശിപ്പിക്കും.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-35122883501, Kerala.E-mail-societytodaynews@gmail.com